


# സർഗ്ഗ വസന്തം

G.H.S KODUMUNDA WEST

LK/2019/20064

# താളുകളിലൂടെ

ആമുഖം ....................1
സന്ദേശം ....................2
നല്ല കേരളം....................3
ചിത്രം....................4
അനാഥർക്ക ദൈവം തുണ....................5-6
കരയുന്ന കണ്ണനീർ തുള്ളികൾ....................7-11
ചിത്രം ....................12
മഞ്ഞു തുള്ളികളുടെ അന്ത്യം....................13
തിരിച്ചറിവ് ....................14-16
ചിത്രം ....................17
പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം....................18
ചിത്രം....................19
മായാജാലക്കാരനായ പൊട്ടാസ്യം പെർമാംഗനേറ്റ് ....................20-21
സമാന്തരം....................22-24
ചിത്രം....................25
മധുരമുള്ള ഓർമ്മകൾ....................26-28
വിധി ....................29
പ്രാർത്ഥനകൾ ....................30
ചിത്രം....................31
മായയോ മന്ത്രമോ....................32
രക്തക്കറയാർന്ന പാദമുദ്രകൾ....................33-39
ചിത്രം....................40
ഓലച്ചൂട്ടിന്റെ വെളിച്ചം....................41-42
പ്രദക്ഷിണം ....................43
എന്റെ സ്കൂൾ ....................44
ചിത്രം....................45
കടലാസ് ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പരീക്ഷണങ്ങൾ....................46
ഇളം തെന്നൽ....................47
പഠന പിന്നോക്കവസ്ഥ - എങ്ങനെ പഠന മികവ് നേടാം....................48-54
അനാഥയായ പെൺകുട്ടി....................55
ആറന്മുള കണ്ണാടി....................56
വീഴ്ച ....................57
ക്ലോക്ക് ടവർ....................58-60
ക്ലിന്റ്....................61-63
ചിത്രം....................64

കേരളീയ സംഗീതം .......................................................................................................65-66
സിംഹം പഴം തിന്നാതായ കഥ....................................................................................67-68
എന്റെ ഗുരുനാഥൻ..................................................................................................69-71
ലക്ഷദ്വീപിലെ നാടോടി കഥകൾ..........................................................................72-73
ഒന്നാം സ്വതന്ത്ര സമരം..............................................................................................74
ആരും ചെയ്യാത്ത കാര്യം.........................................................................................75-76
ക്രിസ്തുമസ്..................................................................................................................77-78
ചിത്രം ..........................................................................................................................79
നല്ലവനായ മനുഷ്യൻ.................................................................................................80-81
ജ്ഞാനത്തിന്റെ പ്രതീകം ..........................................................................................82
പെരിസ്കോപ്...............................................................................................................83
ചിത്രം...........................................................................................................................84
ഒരു ഗ്രാമത്തിന്റെ കഥ.................................................................................................85-86
ചിത്രം...........................................................................................................................87
താങ്ങാൻ ആളുണ്ടെങ്കിൽ തളർച്ചയും ഉണ്ടാകും.......................................................88-90
പാലമരത്തിൻ ചുവട്ടിലെ യക്ഷി.............................................................................91-92
സഹോദരീ ...മാപ്പ് ....................................................................................................93-94
ചിത്രം...........................................................................................................................95
ഭക്ഷ്യ സുരക്ഷ .............................................................................................................96-97
രാത്രിയുടെ കാണാക്കയങ്ങളിലൂടെ .........................................................................98-99
ചൗരി ചൗര.................................................................................................................100
ചിത്രം...........................................................................................................................101
നാലുകെട്ട് -ഹൃദയഹാരിയായ കഥ ........................................................................102-104
ലഹരി വരുത്തുന്ന വിപത്ത് ...................................................................................105-106
ചിത്രം...........................................................................................................................107
തീവണ്ടി.....................................................................................................................108-109
ഫാബ്രിക്ക് പെയിന്റിംഗ്...........................................................................................110
ലൈറ്റിൽ കൈറ്റ്സ് സൃഷ്ടികൾ..................................................................................111-112

# ആമുഖം

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഡിജിറ്റൽമാസിക പ്രകാശിതമാവുകയാണ് .അനുഭവങ്ങളെ പങ്കുവെക്കുന്നതിനു ഭാഷയുടെ സാധ്യതകൾ ഉപയോഗിക്കുമ്പോഴാണല്ലോ രചനകൾ സാധ്യ മാകുന്നത് . നിരവധി പരീക്ഷണങ്ങൾക്കൊടുവിലാണ് ഈ മാസിക യാഥാർത്ഥ്യമാകുന്നത് . കടലാസിലെ ആദ്യ രൂപപ്പെടുത്തലിനും മാറ്റി എഴുത്തിനും ശേഷം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഡിജിറ്റൽ ഫോർമാറ്റിൽ എത്തി ക്കുകയായിരുന്നു .

ഈ സംരംഭത്തിന് അകമഴിഞ്ഞ് സഹകരണം നൽകിയ എല്ലാവർക്കും അകൈതവമായ നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കട്ടെ . കുട്ടികളുടെ സാഹിത്യാഭിരുചികൾ പ്രകാശിതമാകുന്നതിലൂടെ അവർ സർഗാത്മകതയുടെ വിഹായസ്സിലേക് ഉയർത്തപ്പെടുന്നു.അവിടെ ചിറകു വിടർത്തി പറക്കാനും ഏവർക്കും കഴിയട്ടെ എന്ന ആശംസകളോടെ

ടീം സർഗ്ഗ വസന്തം

# സന്ദേശം

നമ്മുടെ ഈ സരസ്വതിക്ഷേത്രത്തിൽ കഴിഞ്ഞവർഷം മുതൽ ലിറ്റിൽ കൈറ്റ്സ് ആയി ഏകദേശം ഇരുപതോളം കുട്ടികൾ പുതിയ സാങ്കേതിക വിദ്യയുടെ പടവുകൾ കയറി കൊണ്ടിരുക്കുകയാണ്.നമ്മുടെ വിദ്യാലയം നടത്തികൊണ്ടിരുക്കുന്ന കൊച്ചു കൊച്ചു മികവുകൾ നമുക്ക് അഭിമാനിക്കാവുന്നതാണ്.പടർന്നുപന്തലിച്ചുനിൽക്കുന്ന വൃക്ഷങ്ങളെ പോലെ നമ്മുടെ കുട്ടികളിൽ നിന്നും സാങ്കേതിക വിദ്യയുടെ തണൽ ഏവർക്കും കിട്ടുമാറാവട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

യമുന.സി

ഹെഡ് മിസ്ട്രസ്

ഗവ:ഹൈസ്കൂൾ കൊടുമുണ്ട വെസ്റ്റ്



ആവണി.സി.എസ്

4A

# <u>നല്ല കേരളം</u>

സ്നേഹമുള്ള കേരളം
ജാതിയുമില്ല മതവുമില്ല
സ്നേഹമുള്ള കേരളം
പ്രളയത്തിൽ കൈകോർത്ത
സ്നേഹമുള്ള കേരളം
പ്രളയത്തിൽ കേരളത്തെ
വീണ്ടെടുത്ത സ്നേഹം
സ്നേഹത്തിൻ ലോകം
കേരളമെന്ന സ്വർഗം
ഒത്തൊരുമിച്ച കേരളയീർ
ജീവിക്കുന്ന ലോകം
അതിജീവനത്തിന്റെ മാതൃക
കേരളമെന്ന സ്നേഹലോകം

# സർഗ്ഗ വസന്തം

ദിൽഷ.കെ

10.A







ജിഷ്ണ.എ.പി
8.B



# അനാഥർക്ക് ദൈവം തുണ

അന്ന് സന്ധ്യാ സമയം കുന്നിൻ മുകളിൽ നിന്ന് വീശിയടിക്കുന്ന തണുത്ത കാറ്റും കൊണ്ട് ആ കുന്നിൻ താഴ്‌വാരത്തിൽ ഞാൻ നിന്നു.അവിടം വളരെ മനോഹരമാണ്.കുന്നിൻ താഴെ കാണുന്ന പച്ച വിരിച്ച വയൽ പ്രദേശവും തെളിഞ്ഞ ആകാശവും കൂടണയാൻ പോകുന്ന കിളികളും അങ്ങനെ അനേകം കാഴ്ചകൾ.എനിക്ക് സന്തോഷം വന്നാലും സങ്കടം ഞാൻ ഓടി എത്തുന്നത് ആ കുന്നിൻ മുകളിലേക്കാണ്.കാരണം എനിക്ക് സ്വന്തം എന്ന് പറയാൻ ആ കുന്നു മാത്രമേ ഉള്ളൂ.അത് മാത്രമല്ലാ എന്തുണ്ടെങ്കിലും എന്റെ മനസ്സ് ശുദ്ധമാക്കുന്നത് ഈ കുന്നിൻ മുകളിൽ എത്തിയാൽ ആണ്.ഇന്ന് ഞാൻ എവിടെ നിൽക്കുന്നത് സങ്കടപൂർണമാണ് .ഇന്ന് ഞാൻ സ്കൂളിലേക്കു പോകും വഴി എന്റെ ചെളി പുരണ്ട കീറിയ വസ്ത്രം കണ്ട് എല്ലാവരുമെന്നെ കളിയാക്കി ചിരിച്ചു.അത് മാത്രമല്ല ക്ലാസ്സിലെത്തിയതോടുകൂടി ആരും എന്റെ അരികിൽ ഇരുന്നില്ല.ഇത് എനിക്ക് ഏറെ വിഷമം ഉണ്ടാക്കിയ ഒരു സംഭവം ആയിരുന്നു.എന്റെ ജീവിത കഥ പറഞ്ഞു തുടങ്ങാം. ഈ പ്രപഞ്ചത്തിൽ എന്നെ സ്നേഹിക്കാനും ലാളിക്കാനും എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരാനും ആരുമേയില്ല.എന്റെ ചെറു പ്രായത്തിൽ തന്നെ എന്റെ മാതാപിതാക്കൾ എന്നെ വിട്ടു പോയിരുന്നു.അതിനു ശേഷം സ്വന്തം എന്ന് പറയാൻ ഉണ്ടായിരുന്നത് എന്റെ വീടിനടുത്തു താമസിക്കുന്ന ഒരു അപ്പൂപ്പനായിരുന്നു.ആ അപ്പൂപ്പൻ എനിക്ക് ഒരുപാട് സ്നേഹം വാരിക്കോരിത്തന്നു.ഞാൻ ഒരു അനാഥയാണ് എന്നതിന്റെ ഒരു കുറവും വരാതെയാണ് അപ്പൂപ്പൻ വളർത്തിയിരുന്നത്. അപ്പൂപ്പൻ മരണമടഞ്ഞതോടെ ഞാൻ ഒറ്റക്കായി.അപ്പോഴാണ് ഞാൻ ഒരു അനാഥനാണ് എന്ന് മനസ്സിലായത്.എന്റെ മനസ്സിൽ അത് വളരെയധികം ആഴത്തിൽ മുറിവുണ്ടാക്കി.സ്കൂളിൽ പോകുമ്പോൾ ഓരോ കുട്ടികളുടെയും അച്ഛനമ്മമാരെ കുറിച്ച് പറയുമ്പോൾ ഞാനിങ്ങനെ നോക്കിയിരിക്കും.ചിലർ അച്ഛനേയും അമ്മയെയും

കുറ്റം പറയുന്നത് കാണാം.അതുകാണുമ്പോൾ എനിക്ക് പ്രതികരിക്കാൻ തോന്നും.മാതാപിതാക്കളില്ലാത്ത വിഷമം അത് പറഞ്ഞാൽ അല്ലാ മനസ്സിലാവുക,അനുഭവിച്ചാലേ മനസ്സിലാകൂ .പക്ഷെ ഞാൻ ഈ വാക്കുകൾ അവരോട് ഉച്ചരിക്കാൻ പോയിക്കഴിഞ്ഞാൽ എന്നോട് അവർ വഴക്കു കൂടും.അതുകൊണ്ടു ഞാൻ അവരുടെ അടുത്തേക്ക് പോകാറില്ല.ഇനി എനിക്ക് ജീവിക്കാൻ പണം എവിടുന്നാണെന്ന് നിങ്ങൾക്ക് അറിയാമോ?രാപകലില്ലാതെ ബസ്സിൽ ചായ വിൽക്കും .രാവിലെ ആറു മാണി തൊട്ടു ഒൻപത് മാണി വരെ ചായ വിൽക്കും, വൈകീട്ട് അഞ്ചു മുതൽ പത്ത് വരെയും ഇതാണ് എന്റെ ജീവിതം.പക്ഷെ എനിക്ക് മനസ്സിലാക്കാത്തത് ഞാൻ ഇത്ര കഷ്ട്ടപെട്ടിട്ടും എന്താ എനിക്ക് കിട്ടുന്നത്.വെറും പരിഹാസം മാത്രമാണല്ലോ.ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു.ആരും ഇല്ലാത്തവർക്ക് ദൈവം തുണ ഉണ്ടാകുമെന്ന് .എന്റെ വിഷമങ്ങൾ എല്ലാം മനസ്സിലാക്കി ഒരു നാൾ എന്നെ രക്ഷിക്കാനായി ആരെങ്കിലും വരും.അയ്യോ എന്റെ ജീവിത കഥ പറഞ്ഞ് നേരം പോയത് അറിഞ്ഞില്ല ,എനിക്ക് സ്റ്റാൻഡിൽ പോകാൻ നേരമായി.ഞാൻ അവിടെ നിന്നു ചാടിയിറങ്ങി ഓടി സ്റ്റാൻഡിൽ നിന്ന് വന്നപ്പോഴേക്കും നേരം വളരെ വൈകിയിരുന്നു, അത്താഴം കഴിക്കാതെ നേരെ പോയി കിടന്നുറങ്ങി .രാവിലെ എണീക്കാൻ വൈകിയതിനാൽ ചായ വിൽക്കാൻ പോയില്ല. ഞാൻ എണീറ്റ് സിറ്റൗട്ടിലേക്ക് വന്നപ്പോൾ ആരൊക്കയോ ഉണ്ട് എന്റെ വീടിന്റെ മുറ്റത്ത് .ഞാൻ അതിശയപ്പെട്ടു.

ആരാ അവർ ?നിന്റെ അച്ഛനും അമ്മയും ബാങ്കിൽ നിന്റെ പേർക്ക് കുറച്ച പണം ഡൊണേറ്റ് ചെയ്തിരുന്നു.നിന്റെ അവസ്ഥ കണ്ടറിഞ്ഞാണ് ഞങ്ങൾ ആ പണം ഇവിടെ എത്തിച്ചത്.അവരോട് ഞാൻ നന്ദി പറഞ്ഞു.അവർ പോയി.ഞാൻ വിചാരിച്ചപ്പോൾ വന്നത് ദൈവം ആണോ.അങ്ങ് എന്നെ പരീക്ഷിക്കുകയാണോ? അതിനു ശേഷം ഞാൻ ചായ വിൽക്കൽ നിർത്തി.നല്ല വസ്ത്രത്തിൽ സ്കൂളിൽ പോയി.ആവിശ്യമായ സാധനങ്ങൾ എനിക്ക് മേടിക്കാൻ സാധിച്ചു.എന്നെ ആരും കളിയാക്കാറില്ല.

അപ്പോൾ മനസ്സിലായി അനാഥർക്ക് ദൈവം തുണ എന്ന് പക്ഷെ ഒരു കാര്യം മാത്രം എനിക്ക് കിട്ടിയില്ല.അച്ഛനെയും അമ്മയെയും.ആ തീരാ സങ്കടത്തിന് ഒരു മാറ്റവും വന്നില്ല.

സഞ്ജൂഷ

10.A



# കരയുന്ന കണ്ണുനീർതുള്ളികൾ

അയാളുടെ ചുക്കിചുളിഞ്ഞ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു.അടുത്തിരിക്കുന്ന അമ്മയുടെ സാരിതുമ്പിൽ മുറുകെ പിടിച്ച് കിടക്കുന്ന അച്ഛൻ.വാർദ്ധക്യം നരഞ്ഞു കയറിയ കണ്ണുകളുമായി അച്ഛനെന്നെ പാതി പുഞ്ചിരിയോടുകൂടി ഒന്ന് നോക്കി.

“രവി അച്ഛന് നിന്നോടെന്തോ പറയാന്ണ്ടത്രേ”മൗനം ഉയർത്തി പിടിച്ച കൊണ്ട് ഞാൻ അച്ഛനരികിലേക്ക് ചെന്നു.അച്ഛന്റെ ഒട്ടിയ വയറിൻമേൽ ഞാൻ എന്റെ കൈകൾവെച്ചുകൊണ്ട്പറഞ്ഞു"ഇപ്പൊ കുറവുണ്ടോ?”അച്ഛന്റെ അടഞ്ഞ ശബ്ദത്തോടുകൂടി ഞാൻ അതു കേട്ടു.എന്നാൽ ഞാൻ ചോദിച്ചതിനെല്ലായിരുന്നു മറുപടി.



"നിനക്കിന്ന് പണിിണ്ടായില്ല്യേ?" അച്ഛന്റെ നരയാർന്ന മുടികുമേൽ ഒന്നു തഴുകിയതിന് ശേഷം ഞാൻ പുറത്തേക്ക് പോയി.ഇന്നലെ രാത്രി മദ്രാസ്സിൽ നിന്ന് പുറപ്പെട്ടതാണ്.അച്ഛന് വയ്യാ എന്ന് കേട്ടതും ഒരു പോള കണ്ണടച്ചിട്ടില്ല.ആശുപത്രിയിലെ നീണ്ട വരാന്തകളിലെ അറ്റത്തായി ഒഴിഞ്ഞുകിടക്കുന്ന




ഒരു ഇരിപ്പിടം ഞാൻ കണ്ടു.ഉറങ്ങണം എന്ന ചിന്ത ഇല്ലെങ്കിൽ പോലും,ഇരുന്നതും ഞാൻ പോലും അറിയാതെ ഉറക്കം എന്നെ വിളിച്ചു.

പാടത്തും പറമ്പിലും എല്ലാം ഓടിച്ചാടി നടന്നിരുന്ന തന്റെ അച്ഛന്റെ യുവത്വമാർന്ന മുഖം തന്നിലേക്ക് ഒരു ഊഞ്ഞാൽ എന്ന പോൽ ആടിയെത്തി.അച്ഛന്റെ സൈക്കിളിൻമേൽ മുമ്പിലിരുന്ന് ഞാൻ സ്കൂളിൽ പോയ ആ ദിവസങ്ങൾ,തന്നെ തോളിലേറ്റി നാടുകാണിക്കുവാൻ തന്റെ കൂടെ ഉണ്ടായിരുന്ന അച്ഛൻ. “സാവിത്രി:എന്താ നീങ്ങനെ വൈകിപ്പിക്കണെ? രവിടെ സ്കൂളിപ്പം കൂടും”.അച്ഛന്റെ നീണ്ട ചോദ്യത്തിനുള്ള ഉത്തരവുമായി അമ്മ അടുക്കളയിൽ നിന്നും പാഞ്ഞെത്തി "ഇതാ വരുന്നു എന്തിനാപ്പോ ഇത്ര ആവേശം.സമയമാവുന്നല്ലേയുള്ളൂ".അച്ഛൻ



സൈക്കിൾ പാത തുടർന്നു.എന്നാൽ വഴിയിൽ എവിടെയോ വച്ച് അച്ഛന്റെ കാലിടറിയിരുന്നു.

"രവി,രവി" ഞങ്ങളുടെ ഒപ്പം വന്നിരുന്ന ചാക്കുണ്ണി നായരുടെ ശബ്ദമാണ് ഞാൻ കേട്ടത്.ഇരുന്നിടത്ത് നിന്ന് ഞാൻ ഓടി കിതച്ച് എത്തി.അച്ഛന്റെ കൈപിടിച്ച് തേങ്ങി കരയുന്ന തന്റെ അമ്മ.തോളത്തിട്ടിരുന്ന തോർത്തെടുത്ത് ചാക്കുണ്ണി നായർ അയാളുടെ കണ്ണുകൾ തുടച്ച് പുറത്തിറങ്ങി.നൂറായിരംവർണ്ണമററിയിരികുന്നു.ജ ീവിതത്തിന്റെ സന്തോഷവും,സമാധാനവും നിറ ഞ്ഞ അദ്ദേഹത്തിന്റെ പാത എവിടെയോ വച്ച് മുറിക്കപ്പെട്ടിക്കുന്നു.തന്റെ കഴിഞ്ഞു പോയ ആ ജീവിതം ഒത്തിരി ആസ്വദിച്ച് ജീവിച്ച് തീർത്തിരി ക്കുന്നു.



അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് മെഴുകുരുക്കിയൊലിക്കുന്നതു പോൽ ഒരു കണ്ണുനീർ തുള്ളി അവസാനമായി ഒലിച്ചിറങ്ങി.ആ തുള്ളിയ്ക്ക് ഒരു ജീവിതത്തിന്റെ യാഥാർത്ഥ്യം വിളിച്ചു പറയാനുള്ള മുഖമുണ്ടായിരുന്നു.അവസാനമായി എന്റെ വാക്കുകൾ ഒന്നിടറി. അച്ഛാ.....

ദിൽഷ.കെ
10.A



ശരത് .p

7.A



# മഞ്ഞ് തുള്ളികളുടെ അന്ത്യം

പുലർച്ച 6 മണി,
മഞ്ഞ് പെയ്യാൻ തുടങ്ങി
അമ്പലപറമ്പിലെ പുൽ നാമ്പുകളിൽ
മഞ്ഞുതുള്ളികൾ ഒത്തുകൂടി.
ഈശ്വരനെ നമസ്കരികരിക്കാൻ വേണ്ടി
ഭക്തജനങ്ങൾ എത്താൻ തുടങ്ങി
പാദരക്ഷകൾ  ഊരാൻ  തുടങ്ങി
പുൽ  നാമ്പുകളിൽ  ചവിട്ടി നടക്കാൻ തുടങ്ങി.....
പുൽനാമ്പുകളിലെ    മഞ്ഞുതുള്ളിയുടെ കുളിര്!
നേരം 7 മണി,
ഓരോ മഞ്ഞ് തുള്ളിയുടെ അന്ത്യം തുടങ്ങി.........
സങ്കടത്തോടെ പുൽനാമ്പുകൾ
മഞ്ഞുതുള്ളിയോട് വിട പറഞ്ഞു

മുഹ്സിന.ടി.ആർ

9A



# തിരിച്ചറിവ്

എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ദിവസങ്ങളിലൊന്നാണ് 2019 സെപ്റ്റംബർ 20 വെള്ളിയാഴ്ച.
അന്നുവരെ വല്ല വഴിയിൽ കിടക്കുന്ന പല്ലിയെയും പഴുതാരയെയും കണ്ട് പേടിക്കുന്ന ഞാൻ അന്നാദ്യമായി നഷ്ടപ്പെടലിൻെറ വേദന എന്റെ സ്വന്തം ജീവിതാനുഭവത്തിലൂടെ
മനസ്സിലാക്കിയത്.കണ്ണില്ലാത്തവനെ കണ്ണിന്റെ വില അറിയൂ എന്നു പറഞ്ഞ പോലെ അന്നാണ് എനിക്ക് എന്റെ കണ്ണിൻെറ വില
മനസ്സിലാവുന്നത്.ദൈവത്തിന്റെ സഹായം കൊണ്ടോ,ഡോക്ടർമാരുടെ ചികിൽസ കൊണ്ടോ,
എല്ലാവരുടെയും പ്രാർത്ഥന കൊണ്ടോ,എന്റെ കണ്ണിന് അധികം കേടുപാടുകൾ ഇല്ലാതെ പോകുന്നു.സ്കൂളിൽ
വച്ചാണ് സംഭവം.20ാം തിയ്യതി വെള്ളിയാഴ്ച ഉച്ചഭക്ഷണം
കഴിഞ്ഞ്,

സാധരണ ഉച്ചഭക്ഷണം കഴിഞ്ഞാൽ പുറത്ത് സ്കൂൾ ഗ്രൗണ്ടിലൂടെ ചുറ്റി നടക്കലായിരുന്നു ഞങ്ങളുടെ പണി. വരാനുള്ളത് വഴി തങ്ങുലാ എന്നു പറഞ്ഞ പോലെ വെള്ളിയാഴ്ച ഞങ്ങൾ അതിനും പോയില്ല. അന്ന് 9ാം ക്ലാസ് മുകളിലത്തെ നിലയിലായിരുന്നു.അന്ന് ഭക്ഷണം കഴിക്കൽ കഴിഞ്ഞ് മുകളിലത്തെ വരാന്തയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും
നടന്നു വർത്തമാനം പറഞ്ഞു സമയം കളയുകയായിരുന്നു.
പെട്ടന്നാണ് പുറത്തു പോകാൻ ആരെയും കിട്ടാതെ പൂത്താം കീരി
എന്നെ വന്ന് വിളിക്കുന്നത്.ഞങ്ങൾ രണ്ടുപേരും ഒന്നാം നിലയിലെ വരാന്തയുടെ അറ്റത്ത് പോയി നിന്നു.അവിടെ നിന്നാൽ സ്കൂളിലേക്കുള്ള ഗൈറ്റും,റോഡും പിന്നെ സ്കൂളിന് പുറത്ത് നടക്കുന്ന കാര്യങ്ങളും എല്ലാം കാണാൻ കഴിയും.അന്ന് ആരെയും

തല്ല് കൂടാൻ കിട്ടാത്തതു കൊണ്ട് തന്നെ പൂത്താംകീരിയുടെ അന്നത്തെ ലക്ഷ്യം ഞങ്ങളുടെ ക്ലാസിലെ സമൂസയിലായിരുന്നു.മേലെ നിന്ന് അവനെ വിളിച്ച് വർത്തമാനം പറയാൻ തുടങ്ങിയതും അവസാനം എന്നത്തേം പോലെ അതൊരു കൈയാം കളിയിലേക്ക് മാറ്റം വരാൻ തുടങ്ങി.

ഇതൊരു സ്ഥിരം പരിപാടിയായതിനാൽ ഒരു തമാശ തല്ല് എന്നൊക്കെ പറയാം. അതിനിടയിൽ നിൽകുന്ന ഞാൻ തല്ല് കണ്ട് ചിരിയടക്കിപിടിച്ച നിൽക്കുകയായിരുന്നു.

അവസാനം സമൂസയുടെ കയ്യ് കല്ലിലേക്ക് പോയി അവനാകല്ല് നേരെ ഒരേറ്. പൂത്താംകീരിക്കാണ് എറിയുന്നതെങ്കിലും "ചക്കിന് വെച്ചത് കൊക്കിനെന്ന" പോലെ അതെന്റെയടുത്ത് തട്ടി.ആദ്യം അത് കാര്യമാക്കാതെ ഞാനതു തട്ടി മാറ്റി.പൂത്താംകീരിക്ക് കൊണ്ടില്ലായെന്നറിഞ്ഞപ്പോൾ വീണ്ടും അതേ കല്ലെടുത്ത് "ഇന്നാ പിടിച്ചോ ഒരൊറ്റേറ്".

ആ കല്ലെറിയുന്നത് നോക്കിയിരിക്കുകയായിരുന്നു ഞാൻ.

പെട്ടന്ന് അതിവേഗത്തിൽ എന്റെ മനസ്സിലൂടെ എന്തൊക്കെയോ എങ്ങനൊക്കയോ കടന്നുപോയി.

അത് അന്ന് എന്തൊക്കെയായിരുന്നു എന്ന് ഓർത്തെടുക്കാൻ പോലും കഴിയുന്നില്ല.പക്ഷെ ഇന്ന് അതെന്തായിരുന്നുവെന്ന് എന്നെനിക്കറിയാം.ഭാവി,ഭൂതം,വർത്തമാനം എന്നൊക്കെപറയുന്നത്പോലെ എന്റെ ജീവിതമായിരുന്നു,

എന്റെ സ്വപ്നങ്ങളായിരുന്നു ആ ഒറ്റ നിമിഷം കൊണ്ട് എന്റെ മനസ്സിലൂടെ കടന്നു പോയത്.സമയം കുറയുന്തോറും കല്ല്

അടുത്തടുത്ത് വരുകയായിരുന്നു.കല്ല് വരുന്നതിന്റെ ഭംഗിയിൽ ഞാൻ ആ കല്ലിനെ നോക്കിയിരുന്നു.ആ കല്ല് എന്റെ അടുത്ത് എത്തുന്തോറും സ്കൂളിലെ ശബ്ദങ്ങൾ എന്റെ ചെവിയിലൂടെ ഒന്നു പാഞ്ഞു പോയി.കല്ലിന്റെ വരവിന്റെ ഭംഗിയിൽ ഞാൻ ഒന്നു കണ്ണടച്ച തുറക്കും മുൻപ് എല്ലാം കഴിഞ്ഞിരുന്നു.

.....ഠോ....... കണ്ണ് ചിമ്മുന്നതിന് മുമ്പ് എന്റെ വലത്തേ കണ്ണിൽ ആ ഭംഗിയാർന്ന കല്ല് വളരെ വേഗത്തിൽ ലാന്റ് ചെയ്തു.പിന്നെ എന്താ ഉണ്ടായതെന്ന് എനിക്കു തന്നെ അറിയല്ല കല്ല് തട്ടിയ ഉടനെ ഞാൻ പിന്നിലോട്ട് വീണു പലരുടെ ശബ്ദങ്ങൾ എനിക്ക് കേൾക്കാമായിരുന്നു.അതെന്തൊക്കെയാണെന്ന് വ്യക്തമായില്ലെങ്കിലും അതിൽ പലരുടെയും ശബ്ദങ്ങളിൽ പേടി

നിറഞ്ഞതായിരുന്ന ഒന്നും കാണാൻ കഴിയാതെ അവിടെ നിന്ന എണീറ്റു അതിനു ശേഷം എന്റെ കണ്ണിൽ വെള്ളം വീഴുന്നതും എനിക്ക് വെള്ളം കുടിക്കാൻതരുന്നതുംമാത്റമാണ് ഓർമ്മ.പിന്നാട്
ഞാനെത്തിയത് ഓഫീസ് റൂമിലായിരുന്നു .ആ സമയത്തൊന്നും എനിക്ക് ഒന്നും കാണാൻ സാധിച്ചിരുന്നില്ല. ഓഫീസ് റൂമിൽ എന്റെ ഉമ്മ വരുന്നത് കാത്തിരിക്കുകയായിരുന്നു ഞാൻ.എന്റെ വലത്തെ കണ്ണ് ചുകന്ന് വീർത്ത് വേദനിച്ചു.ഓഫീസ് റൂമിൽ ഇരിക്കുമ്പോൾ ഒരു കാഴ്ച്ച വസ്ഥു എന്നത് പോലെ ഒരു പാട് കുട്ടികൾ എന്നെ എത്തിനോക്കി പോകുന്നുണ്ടായിരുന്നു .പിന്നെ അങ്ങോട്ട് ഹോസ് പിറ്റലുകളിലെ ദിവസഹ്ങളായിരുന്നു.മൂന്ന് ആശ്രുപത്രിയിൽ ഞാൻ എന്റെ കണ്ണുമായിപോയി.ഇന്ന് എന്റെ കണ്ണ് സുരക്ഷിതമാണ് . ആറ് ആഴ്ച്ച ബെഡ് റസ്റ്റ് പറഞ്ഞ ഞാനിന്ന് സ്കൂളിൽ പോകുന്നു.മരുന്നുകൾ ഇപ്പോഴും ഉണ്ടെങ്കിലും ഞാൻ ആരോഗ്യമായി ഇരിക്കുന്നു.അന്നു ഞാൻ ഏറ്റവും കൂടുതൽ പേടിച്ചൊരു കാര്യം എന്നു പറഞ്ഞാൽ എന്റെ കണ്ണ് പോകുമോ എന്നാണ് കണ്ണില്ലാതെ എങ്ങനെ ജീവിക്കും എന്നെല്ലാം ആദിവസം എന്റെ മനസ്സിലൂടെ ഓടിപ്പോയി.എല്ലാവർക്കും മറക്കാൻ പറ്റാത്ത ജീവിതാനുഭവങ്ങൾ ഉണ്ടാകുന്നു.പലർക്കും പലരീതിയിലും പക്ഷെ എന്റെ ഈ ഓർമ്മ അത് എനിക്ക് അൾശിമേസ് വന്നാലും ഞാൻ മറക്കില്ല.കാരണം ഞാൻ പേടിയെന്തൊണെന്നും നമ്മുടെ ഓരോ അവയവം ആയാലും ആളുകൾ ആയാലും ഒരു ചെറിയ വസ്ഥു ആയാലും അതിനെല്ലാം നമ്മുടെ ജീവിതത്തിൽ വലിയ വലിയ വിലയും അവയൊന്നും ഇല്ലാതെ എനിക്ക് സന്തോഷമായി ജീവിക്കാനും കഴിയില്ലായെന്ന് അന്ന് ഇരുപതാം തിയ്യതി വെള്ളിയാഴ്ച്ചയാണ് എന്റെ സുഹ്റ്ത്ത് ബടാ സമൂസ മനസ്സിലാക്കിയത് .

ലോകത്തെ ഇനിയരിക്കലും കാണാൻ പറ്റാത്ത പോലെ കണ്ണുകളെ ഉപയോകിക്കാൻ പടിപ്പിച്ച ഹെല്ലൻ കെല്ലറിന്റെ വാക്കുകളെയാണ് ഈസംഭവം അക്ഷരാർത്തത്തിൽ പകർന്നു തന്നത് നന്ദി സമൂസ നന്ദി.

# സർഗ്ഗ വസന്തം

ദേവൻ മാഷ് 





സിതാര ടീച്ചർ


HST ഇംഗ്ലീഷ്

## പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം

ആധുനികപഠന സമ്പ്രദായങ്ങൾക്കനുസരിച്ച് ക്ലാസ് മുറികൾ മാറേണ്ടതുണ്ട്. 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി.സമഗ്രവെബ്പോർട്ടൽ വഴിയും ഇന്റെർനെറ്റ് വഴിയും റിസോഴ്സ് ക്ളാസ്റൂമുകളിൽ തന്നെ എത്തിക്കുന്ന പ്രവർത്തനം ഏകദേശം പൂർത്തിയായി. 8 മുതൽ 12 വരെ ക്ളാസുകളിൽ സാങ്കേതികവിദ്യാസഹായം ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതി. അക്കാദമികനിലവാരം ഉയർത്തുന്നതിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ളീഷ്, സുനീലി ഹിന്ദി, ഗണിതവിജയം തുടങ്ങിയ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. "സമഗ്രശിക്ഷകേരളയ്ക്ക്"" രാജ്യത്ത് തന്നെ പ്രോജെക്ട് ഏറ്റവും നന്നായി നടക്കുന്നതിനുള്ള ബഹുമതി ലഭിച്ചു.

പ്രകൃതിയെ തന്നെ പാഠപുസ്തകമാക്കുക, ജൈവവൈവിദ്ധ്യങ്ങളെ അതിന്റെ ആവാസത്തിൽ സംരക്ഷിക്കുക എന്നിവ സംസ്കാരമാക്കുന്നതിനായി 12000 ജൈവവൈവിദ്യ ഉദ്യാനങ്ങൾ വിദ്യായങ്ങളിൽ സജ്ജമായി. വായനയുടെ വസന്തം എന്ന പ്രത്യേക പദ്ധതി വഴി സൗജന്യമായി ലൈബ്രറിപുസ്തകങ്ങൾ വിദ്യാലയങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

പൊതുസമൂഹത്തിന്റെ വിശ്വാസമാർജ്ജിക്കാനായാൽ അനംഗീകൃത വിദ്യാലയങ്ങൾ സ്വയമേവ കൊഴിഞ്ഞ് പോകും. അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങൾ നിലനിൽപ്പ ഭീഷണി നേരിടും. കേരളത്തിൽ ഇപ്പോൾ നടക്കുന്ന വിദ്യാഭ്യാസ വിപ്ലവം വലിയ പ്രതീക്ഷയാണുണർത്തുന്നത് .



## സർഗ്ഗ വസന്തം



ഒമർ ജാഫർ
3.A









അർജ്ജുൻ

8A

# മായാജാലക്കാരനായ

# പൊട്ടാസ്യം പെർമാംഗനേറ്റ്

## പരീക്ഷണ വസ്തുക്കൾ

ബീക്കർ, ജലം, പൊട്ടാസ്യം പെർമാംഗനേറ്റ്.

## പ്രവർത്തനക്രമം

ഒരു ബീക്കറിൽ പകുതിയോളം ജലം എടുക്കുന്നു.അതിലേക്ക് ഒന്നോ രണ്ടോ തുള്ളി

## പൊട്ടാസ്യം പെർമാംഗനേറ്റ് ഒഴിക്കുന്നു. ബീക്കർ ഇളക്കാതെ വെക്കുന്നു.

## നിരീക്ഷണഫലം

പൊട്ടാസ്യം പെർമാംഗനേറ്റ് ബീക്കറിന്റെ അടിയിലെത്തി ലയിച്ച്, ജലത്തെ നീലനിറമാക്കുന്നു.

## തത്ത്വം

## അന്തർവ്യാപനം

ഒരു വസ്തു അതിന്റെ ഗാഢത കൂടിയ ഭാഗത്തു നിന്നും ഗാഢത കുറഞ്ഞ ഭാഗത്തേക്ക് നീങ്ങുന്നതിനെ അന്തർവ്യാപനം എന്നുപറയുന്നു.

നിവേദ്യ കൃഷ്ണൻ.സി



# സമാന്തരം

മഞ്ഞുതുള്ളികൾ ഇറ്റുവീഴുന്ന ജനലഴികളിൽ പിടിച്ച് പുറത്തേക്ക് നോക്കി . ചേമ്പിലകളിൽ പതിയെ പളുങ്കുപൊട്ടുകൾ ചാർത്തിയും ദൂരെ ഗുൽമോഹറിന്റെ ഇലകളിൽ നിന്നും തുള്ളി ചാടിയും മഴ മേളം തീർക്കുകയായിരുന്നു . ആ താളം തന്റെ ഹൃദയ താളമായി അവൾക്ക് തോന്നി . അവിടെ ഇപ്പോൾ സ്നേഹത്തിന്റെ ആർദ്ര സംഗീതം നിറഞ്ഞിരിക്കുന്നു . ഒരിക്കലും പിരിയാത്ത കൂട്ടുകാരെ പോലെ സമാന്തരമായി നീളുന്ന റെയിൽ പാതയിലൂടെ യുള്ള ഈ യാത്ര അവളെ ആകെ മാറ്റുകയായിരുന്നു . എവിടെക്കാ ആൻ ഈ യാത്ര? മീരയുടെ ഓർമയിലേക്ക് ആ ഇ-മെയിൽ വീണ്ടും വന്നു .

വിരസത മാത്രം സമ്മാനിച്ച സോഫ്റ്റ്‌വെയർ എൻജിനിയർ വേഷം അവളെ പഠിപ്പിച്ചത് പ്രോഫിറ്റുകളെ മാത്രം . കണക്ക് കൂട്ടാനും ടാർജറ്റുകളെ സ്വപ്നം കാണാനും അതിനായി രാവും പകലും ഊണും ഉറക്കവും വെടിഞ്ഞു അവൾ ജോലി ചെയ്യാനും തുടങ്ങി . ഒടുവിൽ അവളുടെ സ്വപ്നങ്ങൾക്കു പോലും ഒരേ ഒരു നിറമായി

**പൊള്ളുന്ന വേനൽ പ്രതീക്ഷയുടെ മഴത്തുള്ളി കിലുക്കത്തിന് വഴി മാറികൊടുക്കാൻ തുടങ്ങുന്ന ഒരുനാൾ വിരസതയുടെ ആ ചാരനിരത്തിന് ചില മാറ്റങ്ങളുണ്ടായി .പ്രഭാതത്തിലെ ഗൂഗിൾ പ്രദക്ഷിണം പതിവുള്ളതെങ്കിലും അന്നവൾക്ക് എന്തോ ഒരു പുതുമ തോന്നി .പതിവു തെറ്റിച് സെർച്ച് എൻജിനിൽ നിന്ന് ജി –മെയിൽ തിരഞ്ഞെടുത്തതും സൈൻ ഇൻ ചെയ്തതും എന്തിനായിരുന്നെന്ന് അവൾ തന്നെ പിന്നീട് ചിന്തിച്ചു പോയി . ഇൻബോക്സിലെ തുറക്കാത്ത തൊണ്ണൂറ്റി ഒമ്പതിനു പിന്നാലെ പോകാതെ തുറന്നിട്ടും വായിക്കാതെ വിട്ട ആ ഒന്നിൽ തന്നെ ക്ലിക്ക് ചെയ്തതും അവളെ അതിശയിപ്പിച്ചു . ആ സന്ദേശം വായിക്കവേ കണ്ണുകൾ നിറഞ്ഞു തുളുമ്പിയത് എന്തിനായിരുന്നു ?**

**അത് റിയയായിരുന്നു . ജീവിതമേല്പിച്ച മുറിവുകളേറ്റ് ചിരിക്കാൻ പോലും മറന്നു പോയിരുന്ന തനിക്ക് സൗഹൃദത്തിന്റെ പുതുലോകം കാണിച്ചു തന്നവൾ .ജീവിതത്തിലെ ഏറ്റവുംസുന്ദരമായ വർഷങ്ങളിൽ തന്റെ കൈ പിടിച് നടന്ന സഹപാഠി ...നിറമുള്ള വിദ്യാലയ സ്മരണകൾ താൻ കടപ്പെട്ടിരിക്കുന്ന തന്റെ കൂട്ടുകാരി . എന്നാൽ കാലം കടന്നു പോയപ്പോൾ ഇരുവഴിയേ പിരിയേണ്ടി വന്നവർ . ഇപ്പോഴിതാ തങ്ങൾ പഠിച്ച ആ തിരുമുറ്റത്തേക്ക് ഒരിക്കൽ കൂടി**

വരില്ലേയെന്ന് അവൾ ചോദിച്ചിരിക്കുന്നു . അതായിരുന്നു തുടക്കം .

വർഷങ്ങൾക്ക് ശേഷം തന്റെ കൂട്ടുകാരിയെ കാണാൻ ചെല്ലുമ്പോഴും മീര യറിഞ്ഞിരുന്നില്ല താനറിയാതെ അവൾ തന്റെയരികിൽ തന്നെ ഉണ്ടായിരിന്നു എന്ന് .

എന്നിട്ടും തമ്മിൽ കാണാൻ തടസമായി അവർക്കിടയിൽ ഒരു മതിലുണ്ടായിരുന്നു .മീരയറിയാതെ പോയ, റിയ കാണാതെ പോയ ഒരു മതിൽ . പക്ഷെ അവരറിഞ്ഞു മതിൽ ഒന്നല്ല അനവധിയായിരുന്നു . സ്നേഹത്തിനും സൗഹൃദത്തിനുമെല്ലാം വില കൽപ്പിക്കാത്ത മതിലുകൾ .അവർ തിരിച്ചറിയുകയായിരുന്നു – ഇഷ്ടികച്ചുമരുകളും ഉരുക്കുമതിലുകളും മുൾവേലികളുമെല്ലാം കൂടി തങ്ങളെ ഇത്രനാൾ തടവറയിൽ ഇടുകയായിരുന്നു. മഴ തോർന്നിരുന്നില്ല .ഈ മടക്കയാത്രയിൽ തന്റെ നേരെയുള്ള സീറ്റിൽ തനിക്ക് സമാന്തരമായി ഇരിക്കുന്ന റിയ അവളെ നോക്കി അപ്പോഴും പുഞ്ചിരിക്കുന്നുണ്ടായിരുന്നു അവർ ഒരുമിച്ച് സ്വപ്നം കാണുകയായിരുന്നു . മതിലുകളില്ലാത്ത , പാലങ്ങളില്ലാത്ത ഒരു ലോകത്തെ . ആ സ്വപ്നത്തിന് സൗഹൃദത്തിന്റെ നിറമായിരുന്നു...സൗഹൃദത്തിന്റെ നിറം.

ജീവൻ
4.A







നോറ തുഷാര
10.B

# മധുരമുള്ള ഓർമ്മകൾ

പഠന യാത്ര പോവുന്നതിനുള്ള സന്തോഷത്താൽ അന്നു ഞാൻ വളരെ നേരത്തെ എണിറ്റു.ആറ് പതിനഞ്ചിന് വീട്ടിൽ നിന്ന് പുറപ്പെട്ടു.ആറ് മുപ്പതിന് സ്കൂളിലെത്തിയിരുന്നു. എല്ലാവരും അപ്പോഴേക്കും സ്കൂളിലെത്തിയിരുന്നു. എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.ഏകദേശം അര മണിക്കൂറിനുള്ളിൽ ഞങ്ങൾ സ്കൂളിൽ നിന്ന് പുറപ്പെട്ടു.പോകുമ്പോൾ ബസ്സിൽ പാട്ട് വെച്ചിരുന്നു.കൂട്ടുകാർപലരും ഡാൻസ് കളിക്കാൻ തുടങ്ങി. പക്ഷേ എനിക്ക് പുറത്തെ കാഴ്ചകൾ കാണാനായിരുന്നു കൂടുതൽ ഇഷ്ടം. ഞാൻ അതെല്ലാം കണ്ട് ആസ്വദിച്ചിരുന്നു. ആദ്യം ഞങ്ങൾ കുഞ്ചൻ നമ്പ്യാരുടെ ജന്മവീടായ കിള്ളിക്കുറിശ്ശിമംഗലത്തേക്കാണ് പോയത്.അവിടെ മനോഹരമായ പല കാഴ്ചകളുമുണ്ടായിരുന്നു.ഒരു മുറിയിൽ മിഴാവ് ഉണ്ടായിരുന്നു. കോണിപ്പടികൾകയറി

മുകളിലേക്ക് പോയപ്പോൾ ഓട്ടന്തുള്ളലിന്റെയും പറയൻ തുള്ളലിന്റെയും ശീതങ്കൻ തുള്ളലിന്റെയും പ്രതിമകളുണ്ടായിരുന്നു.ഇവ പെട്ടന്ന് കണ്ടാൽ പേടിയാകുമായിരുന്നു.അതിനു ശേഷം ഞങ്ങൾ പാലക്കാട് ടിപ്പു സുൽത്താന്റെ കോട്ടയിലേക്കാണ് പോയത് .അവിടെയുള്ള ഒരു മരത്തിന്റെ ചുവട്ടിലിരുന്ന് ഞങ്ങൾ കൊണ്ട് പോയ പ്രഭാത ഭക്ഷണം കഴിച്ചു .ഞങ്ങൾ കോട്ടയും കോട്ടക്കു ചുറ്റുമുള്ള കിടങ്ങും കണ്ടു.അവിടെ മനോഹരമായ പൂന്തോട്ടമുണ്ടായരുന്നു .അവിടെ നിന്നും നേരെ അഹല്യ ഹെറിറ്റേജിലേക്ക് പോയി. കാറ്റാടിപ്പാടത്തിന് നടുവിലൂടെയായിരുന്നു അങ്ങോട്ടുള്ളയാത്ര.ഞങ്ങൾ ഒരുപാട് കാറ്റാടികൾകണ്ടു .അവിടെയെത്തിയപ്പോൾ ഞങ്ങളാദ്യം ഉച്ച ഭക്ഷണം കഴിച്ചു .പോകുമ്പോൾ കൊണ്ട് പോയ ചിക്കൻ ബിരിയാണി ഞങ്ങൾ കൊണ്ടുപോയ പാത്രങ്ങളിലേക്ക് ടീച്ചർമാർ വിളമ്പിത്തരുകയായിരുന്നു .നല്ല സ്വാദുള്ള ബിരിയാണിയായിരുന്നു.അവിടെ കല്ലുകൊണ്ടുണ്ടാക്കിയ വിവിധ രൂപങ്ങൾ കണ്ടു.പറങ്കിമാങ്ങ,പന ,എന്നിവയുടെ രൂപങ്ങളും ഉണ്ടായിരുന്നു .മദർ തരേസ ,ശ്രീ നാരായണ ഗുരു

,നൽസൺ മണ്ടേല,എബ്രഹാം ലിങ്കൺ,തുടങ്ങിയ മഹത് വ്യക്തികളുടെ പ്രതിമകൾ ഞങ്ങളിവിടെ കണ്ടു .ഞങ്ങൾ കുത്തമ്പലം കണ്ടു.ഇവിടെ കളി മണ്ണു കൊണ്ടുണ്ടാക്കിയ ക്ഷികളുടെയും മൃഗങ്ങളുടെയും രൂപങ്ങളുണ്ടായിരുന്നു പിന്നീട് ഞങ്ങൾ മലമ്പുഴയിലേക്ക് പോയി .മലമ്പുഴയിലാദ്യം ഡാം കാണാൻ പോയി .അവിടെ നിന്ന് പൂന്തോട്ടത്തിലേക്കിറങ്ങി.തൂക്കു പാലത്തിലൂടെ നടന്നു .അവിടെ കുറച്ചു സമയം ചിലവഴിച്ചതിന് ശേഷം ചിൽഡ്രൻസ് പാർക്കിലേക്ക് പോയി .പാർക്കിൽ കുറേ നേരം കളിച്ച് സന്ധ്യയോടെ തിരിച്ച് ബസ്സി കയറി മടക്കയാത്രയിൽ ആദി സിനിമ കണ്ടു .ഏകദേശം ഒമ്പത് മണിയോടെ തിരിച്ചെത്തി. പഠന യാത്ര വളരെ നല്ല അനുഭവമായിരുന്നു .ആ കാഴ്ച്ചകളെല്ലാം ഒരിക്കൽ കൂടി കാണാനും ആ സ്വാദുള്ള ബിരിയാണി ഒരിക്കൽ കൂടി കഴിക്കാനും ഇപ്പോഴും ആഗ്രഹമുണ്ട്.

നോറ തുഷാര

10A



ഷഹന.p.p
10A

# വിധി

ദിനങ്ങൾ ഇങ്ങനെ
കടന്നു പോകുമ്പോഴും സ്വപ്നങ്ങളെ
ലാളിച്ച് വളർത്തുമ്പോഴും
പറക്കാനുള്ള
ചിറക് ഉണ്ടായിട്ടും ചില കഴുകൻ
കണ്ണുകൾ ഭയന്ന് ജീവിക്കാനാണോ
പെണ്ണായി പിറന്ന എന്റെ വിധി

സത്യൻ മാഷ്
U.P.S.T

# പ്രാർത്ഥനകൾ

തകർക്കപെടുന്ന നിശബ്ദതകൾ.രാധിക റോഡരികിൽ പാർക്ക് ചെയ്ത കാറിലെത്തി.നിരന്തരമായ ചർച്ചകൾ,ബഹളങ്ങൾ.മണിക്കുട്ടി വരട്ടെ.

കൂട്ടുകാരിയുടെ കൂടെ അവൾ ഇരുന്നോട്ടെ,ഒരു മൗനത്തിന്റെ തലോടലായി.കോട്ട മുകളിലെ മണിക്കിണർ പോലെ അവൾ സ്വാന്തനമേകുന്നു.

റോഡരികിലേക്ക് കണ്ണയച്ച് രാധിക വെറുതെ ഇരുന്നു.കറുത്ത നദിയെ പരസ്പരം വെട്ടി കീറുന്ന വാളുകൾ പോലെ വാഹനങ്ങൾ പായുന്നു.എത്ര വെട്ടിയിട്ടും മുറിയാത്ത മാന്ത്രിക നാട പോലെ റോഡ്.ആ,മറുകരയിൽ നിന്ന് ഒരു തേരട്ട ഇഴഞ്ഞു വരുന്നു.ഈശ്വര എന്റെ പ്രാർത്ഥനയുടെ പുണ്യമൊക്കെ ഇതിന്റെ ജീവൻ രക്ഷിക്കാനായി എടുക്കണേ!ഈശ്വരാ ഒരു ചക്രത്തിനിടയിലും അത് തേഞ്ഞില്ലാതാക്കരുതേ!കണ്ണുകളടച്ച് പ്രാർത്ഥിച്ചു.ഹാവൂ രക്ഷപ്പെട്ടു.പ്രാർത്ഥനക്കൊന്നും രക്ഷിക്കാനാവാത്ത കൂട്ടുകാരിയുടെ അച്ഛന്റെ ജീവൻ തേരട്ടയെ രക്ഷിച്ചു.ഭഗവാനെ നന്ദി.ഫോൺ ശബ്ദിച്ചു.റേഞ്ചുള്ളിടത്തുനിന്നു മാറി കാറിൽ തിരിച്ചു കയറുമ്പോൾ മണ്ണിൽ ചവുട്ടിയാരക്കപ്പെട്ട തേരട്ട!





റാഷിദ്
9.A



# മായമോ മന്ത്രമോ

പരീക്ഷണ വസ്തുക്കൾ:-

ബക്കറ്റ്,ഗ്ലാസ്,വെള്ളം,ടവ്വൽ

പ്രവർത്തന രീതി:-

ഗ്ലാസ്സിനടിയിൽ ടവ്വൽ അമർത്തിവെച്ച് ഗ്ലാസ് തല കീഴായി ബക്കറ്റിലെ വെള്ളത്തിൽ താഴ് ത്തുന്നു.

നിരീക്ഷണഫലം:-

ഗ്ലാസ് പുറത്തെടുത്തു നോക്കിയപ്പോൾ ഗ്ലാസിനകത്ത് ടവ്വൽ നനഞ്ഞിട്ടില്ല.

തത്വം

അപ്രവേഷണതത്വമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. രണ്ട് പദാർത്ഥങ്ങൾക്ക് ഒരേ സമയം ഒരേ സ്ഥാനത്ത്സ്ഥിതി ചെയ്യാനാവില്ല.ഗ്ലാസിനകത്ത് വായുവുള്ളതിനാൽ അവിടേക്ക് ജലം പ്രവേശിക്കില്ല.

സഞ്ജുഷ

10A



# രക്തകറയാർന്ന പാദമുദ്രകൾ

അവളുടെ കണ്ണുകൾ ജനലുകൾക്കിടയിൽ നിന്നും പരതുകയാണ്.ആരെയോ തിരയുന്ന ആ മുഖം ഇരുട്ടിന്റെ നിഴൽ പാടുകളിൽ തെളിയുന്നില്ല.

എന്റെ മുന്നിലിതാ ഒരാൾ ജീവനുവേണ്ടി പിടയുന്നു. കുതിരപുറത്തിരിക്കുന്ന ഒരു ചുവന്ന കുപ്പയക്കാരന്റെ കൈവശമുള്ള തോക്കിന്റെ ഉണ്ട അവന്റെ നെഞ്ചിൻ ആഴത്തിൽ തുളഞ്ഞു കയറിയിരിക്കുന്നു.അയാളുടെ പല്ല് കടിച്ച് പിടിച്ച്,അമർന്ന ശബ്ദത്തോടു കൂടി വീണ്ടും വീണ്ടും ഉരുവിട്ടടികൊണ്ടിരുന്ന വാക്ക്...

"വന്ദേ മാതരം"

തന്റെ തോക്കിന്റെ അടിവശം നിലത്ത് ഊന്നികൊണ്ട് അയാൾ ചാടിയിറങ്ങി.അയാളുടെ കൂർത്തമുനയുള്ള കണ്ണുകൾ ഒരു കഴുകനെ പോലെ ആ പിടയുന്ന നെഞ്ചിനു നേരെ ഉയർന്നു.ആ ക്രൂരന്റെ കാലുകൾ അയാളുടെ നെഞ്ചിനു മുകളിൽ ആഞ്ഞു ചവിട്ടി.ആ പൗരന്റെ ചോരതിളപ്പിൽ ആ വാക്കുകൾ ഒന്നുകൂടി ഉയർന്നു,അതും അവസാനമായി.

"വന്ദേ മാതരം"

ഒന്നിനും പ്രതകരിക്കാനാവാതെ എല്ലാം കണ്ടുനിൽകേണ്ടി വരുന്ന ഒരുവനായി താൻ മാറിയിരുന്നു.

എല്ലാം കഴിഞ്ഞ് ഒന്ന് ശാന്തമായ അവസഥയിൽ ഞാനെന്റെ മുറിക്കുള്ളിൽ നിന്നും പുറത്തിറങ്ങി.അവിടെങ്ങും രക്ത കറകൾ മാത്രമാണുള്ളത്. ഒരുപാട് പേരുടെ ജീവനും, കണ്ണുനീരും ആഗ്രഹങ്ങളും ആശകളും എല്ലാം ഈ രക്തക്കറയിൽ കാണാൻ കഴിയുന്നു. ഞാൻ നേരത്തെ കണ്ട ആ പരതുന്ന കണ്ണുകളെ തേടിയിറങ്ങി. ആ ജനലിനു ചുറ്റും ഒന്നു നോക്കിയതിനുശേഷം ചിലതെല്ലാം ഞാൻ ഒഴിഞ്ഞുനിന്ന് കൊണ്ട് കേട്ടു."എന്ത്യേ അമ്മേ ഈ കഞ്ഞിക്കകത്തൊന്നും ഉപ്പില്ലല്ലോ?

ഉപ്പില്ലാത്തോണ്ടോ? അതോ ഇട്ടുവെയ്ക്കാൻ മറന്നതോ?" "ന്റെ തേനി ഇവിടെ ഒരുനുള്ള് ഉപ്പില്ല". ഉപ്പുപോയിട്ടൊരു
നാഴി അരി മേടിക്കാനുള്ളത് ആ സ്ത്രീയുടെ പക്കൽ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിന്റെ ദയനീയമായ ഉൾഭയം ഞാനവരിൽ കണ്ടു. ഇന്ന് ഇങ്ങനെങ്കിലും ഉണ്ട്. നാളെ ഇതുണ്ടാവില്ല്യ ന്നാ തോന്ന്ണേ. അമ്മയുടെ വാക്കുകൾ പൂർണ്ണമായും കേൾക്കുന്നതിനു മുമ്പ് അവളൊരു ചോദ്യം ഉന്നയിച്ചു.
"അമ്മയൊന്നും കഴിച്ചില്ലേ?" തേനി
"ഇക്കൊന്നും വേണ്ട ഇയെന്നെ കുടിച്ചാമതി".
അവൾ ഓടിച്ചെന്ന് കലം തുറന്നപ്പോൾ
അതിലവിടവിടയായി ഒന്നോ രണ്ടോ വറ്റ്.
ഓ... "ഇക്കൊന്നും വേണ്ട ഈ ഉപ്പില്ലാത്ത കഞ്ഞി".
അതും പറഞ്ഞ് അവൾ ഒരു മൂലയിൽ പോയിരുന്നു. ആ സ്ത്രീയുടെ വാക്കുകൾ കേൾക്കാത്ത സമയം അവരത് മോന്തിക്കുടിച്ചു. എന്നിട്ട് ഒരു നീണ്ട ഏമ്പക്കം.
എന്നാൽ അത് വിശപ്പടങ്ങിയതിന്റെ

ലക്ഷണമല്ലായിരുന്നു! നാടെങ്ങും കലാപമാണ്. ഉപ്പിന് വിലകൂടിയതും മറ്റ് അവശ്യസാധനങ്ങളുടെ വില കുത്തനെ ഉയർന്നതും സാധാരണക്കാരനെ ദുരിതത്തിലേക്ക് ഇഴക്കുകയാണ്.

നേരം ഇരുളിലേക്കാഴുന്നു. ആകാശം ചുമന്ന് തുടുത്തിരിക്കുന്നു. മേഘങ്ങൾ സൂര്യനുമുന്നിൽ തലതാഴ്ത്തി നിൽക്കുകയാണ് എന്നാൽ!

ഉറങ്ങാൻ കഴിയാത്ത ചില ജീവിതങ്ങൾ അവിടവിടെ നിൽക്കുന്നു.പിറ്റേന്നു രാവിലെ വൈകിയായിരുന്നു ഞാൻ എണീറ്റത്.അതുംമാകട്ടെ ചില നിലവിളികൾക്ക് കാതോർത്തു കൊണ്ടിരുന്നു.ചാടിയെഴുന്നേൽക്കുന്നതിന്റെ തിരക്കിൽ എന്റെ പുസ്തകങ്ങളും ഒരു മഷികുപ്പിയും തട്ടി തെറച്ചിരുന്നു.അതൊന്നും വഴിവെക്കാതെ ഞാൻ മുറിക്കു പുറത്തേക്കു ഇറങ്ങി.മുമ്പിലതാ ഒരു വൻ സൈന്യനിരയും ഏകദേശം നടുവിലായി അതിന്റെ തലവനും നടന്നുവരികയാണ്.എല്ലാവരും വെള്ളക്കാരാണ്.ചുവന്നതും കറുപ്പും നിറമാർന്ന

കുപ്പായവും,ബെൽറ്റും,ഷൂസും എല്ലാം ധരിച്ച് കയ്യിൽ തോക്കുമായി നടന്നു വരുന്ന വെള്ളപടതലവൻ ചുറ്റിലും ഒന്നും നോക്കി കൊണ്ട് എന്തൊക്കെയോ പിറുപിറുക്കുന്നു.

“കടക്ക് പുറത്ത്.ഇത് ന്റെ നാടും ന്റ മണ്ണും.ഇവിടെ ഞങ്ങളാണ് മേലാധികാരി.ഞങ്ങളെ ഭരിക്കുവാൻ ആരും വേണ്ട” കൂടി നിന്നവരിൽ ഒരുത്തൻ മുന്നോട്ട് വന്നു കൊണ്ട് ഉച്ചത്തിൽ പറഞ്ഞു.അവനൊപ്പം വടിയും വാളുമായി മറ്റു ചിലരും.ആ വെള്ളപ്പടയുടെ നടത്തം കുറച്ചു സമയത്തേക്ക് ഒന്നവസാനിപ്പിച്ചു.ശേഷം തലവൻ തന്റെ അനുയായിയുടെ പക്കൽ അവനെന്താണ് പറഞ്ഞത് എന്ന് ചോദിച്ചു.അത് കേട്ടതും അയാളുടെ ചെറിയൊരു മന്ദഹാസത്തിനു വഴിയൊരുങ്ങി.എന്നിട്ട് ഉച്ചത്തിൽ ഒന്ന് പൊട്ടിചിരിച്ചതിനു ശേഷം പറഞ്ഞു.

“Hey man what are you say? This is not my country.  But you also my slave”

ഇത് പറഞ്ഞു കേൾക്കുന്ന താമസം അയാൾ ഉത്തരവിട്ടു.തന്റെ മുന്നിൽ കാണുന്നതിനെയെല്ലാം കൊന്ന് തൂക്കി കെട്ടാൻ.എന്നാൽ ഞാൻ കണ്ടത് കരഞ്ഞു കൂവി കൊണ്ട് നിൽക്കുന്ന തേനിയെ ആയിരുന്നു. അവളുടെ അടുക്കൽ ചെന്ന് ഞാൻ ചോദിച്ചു

"എന്തു പറ്റി തേനി..നീയെന്തിനാ കരയുന്നേ?"

അവളുടെ എണ്ണമയമില്ലാത്ത പാറിപറക്കുന്ന മുടി പിടിച്ച് വലിച്ച് കൊണ്ട് അവൾ ഞാൻ നിൽക്കുന്നതിന്റെ മുകളിലേക്ക് കൈ ചൂണ്ടി.അത് തേനിയുടെ അച്ഛനും അമ്മയും ആയിരുന്നു.ഒരു കയറിൽ രണ്ടു പേരേയും തൂക്കിക്കെട്ടിയിരിക്കുന്നു. ഒരു അനാഥസ്വരത്തിൽ അവളുടെ കരച്ചിൽ അവിടെങ്ങും മുഴങ്ങി. അവരെ നോക്കിനിൽക്കേ ആ ഭൂമി ഒരു ശ്മശാനത്തിന് തുല്യമായിരുന്നു. എവിടെ നിന്നോ ഒരിറ്റ് ചോരത്തുള്ളി എന്റെ കൈതണ്ടയിൽ ഇറ്റിവീണു.


ആ രക്തത്തുള്ളിക്ക് അടങ്ങാത്ത പകയുടേയും, ദേഷ്യത്തിന്റെയും, വാശിയുടെയും, ആശയുടേയും ചൂടുണ്ടായിരുന്നു. ആ ചൂട് മെല്ലെ എന്നിലേക്കുമെന്നപോൽ ചേർന്നു. അവിടെങ്ങും കരച്ചിലും, നിലവിളിയും മാത്രമായിരുന്നു. എന്നാൽ കൂടി എവിടെനിന്നോ ഞാനത് കേട്ടു.

"വന്ദേ മാതരം......... വന്ദേ മാതരം......”



# സർഗ്ഗ വസന്തം

ദിൽഷ.കെ
10.A





ലനാ ദുലാര

7.A

# ഓലച്ചൂട്ടിന്റെ വെളിച്ചം

പി.കെ.ഗോപിയാണ് ഓലച്ചൂട്ടിന്റെ വെളിച്ചം എന്ന ബാലസാഹിത്യകൃതി എഴുതിയത്.അദ്ദേഹത്തിന്റെ ബാല്യകാലസ്മരണകളാണ് ഓലച്ചൂട്ടിന്റെ വെളിച്ചം.ഇതിൽ 22 കഥകളുണ്ട്.ഇഷ്ടപ്പെട്ട അധ്യാപികയെക്കുറിച്ചും ഒരുപാട് വീഴ്ചകളെക്കുറിച്ചും തന്റെ വീട്ടിലെ വളർത്തു മൃകങ്ങളെപ്പറ്റിയും ആദ്യമായി സമ്മാനം കിട്ടിയതും പണ്ടത്തെ ഓണാഘോഷവും

വെള്ളപ്പൊക്കത്തെപ്പറ്റിയുമെല്ലാം ഈ പുസ്തകത്തിലു ണ്ട്.എനിക്കേറ്റവും
ഇഷ്ടപ്പെട്ട കഥ ആദ്യത്തെ സമ്മാനം പ്രസംഗമൽസരത്തിന് എന്ന 13ാം
കഥയാണ്.കാരണം ഞാനും പ്രസംഗംൽസരത്തിന് പങ്കെടുക്കാറുണ്ട്,
സമ്മാനങ്ങൾ ലഭിക്കാറില്ല,എന്നാലും ഊർജ്ജവും ഉൾവെളിച്ചവും നൽകുന്ന ഈ കൃതി കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഹൃദ്യവും
ആസ്വാദ്യവുമായ രചനയാണിത്.ഈ കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2018 ലെ ബാലസാഹിത്യ പുരസ്കാരം നേടിയിട്ടുണ്ട്.
സംസ്ഥാന ബാലസാഹിത്യ പുരസ്കാരം,ഭീമാ ബാല സാഹിത്യ പുരസകാരം,കുഞ്ഞുണ്ണി മാസ്റ്റർ പുരസ്കാരം,പി.ടി.ഭാസ്കരപ്പണിക്കർപുരസ്കാരം,പാലാ
കെ.എം.മാത്യൂ പുരസ്കാരം എന്നിവയും ഈ കൃതിക്ക് ലഭിച്ചിട്ടുണ്ട്.

രാധിക ടീച്ചർ
LPST

# പ്രദക്ഷിണം

സ്മൃതിതൻ ബീജാങ്കരമെന്നിൽ നനുത്തൊരോർമ-
സുസ്മേരമായൊതുക്കിയണയ്ക്കയായ്.
സ്വസ്ഥിയാണലകിൽ ന്യൂനമായി നിൽപതെ-
വിരക്തിയാണിന്നതിനു ഹേതുവായ്.

താളബോധമില്ലിന്നിന്റെ പുഴയ്ക്കൊഴുക്കിനായ്,
താളാത്മകമല്ലീ വസുധതൻ ചലനവും തെല്ലിട-
മിഴിപാകി നിൽക്കുവാനാകില്ല,ബാലകേളികളവയിൽ-
മൊഴിമാത്രം!ബാല്ല്യത്തിൽ നൈർമല്ല്യമതില്ലാ തെല്ലും.

മാമൂലുകൾ മുൻപേ നടന്നവർ തീർത്തവേ.
മൂല്യങ്ങൾ! പിൻപേ നടന്നവരാൽ ചോർന്നവ.
കൈവല്യമായവയതേതോ നിലയ്ക്കാതെ നിൽപ്പക,
ദൗർബല്യമാണിന്നു സ്നേഹശീതളിമ.

പാപകങ്കിലണിന്നിന്റെ ഉൾക്കാഴ്ചകൾ-
പാദാംബുജംതീർത്ത കണികകൾ ശൂന്യം.
പ്രദക്ഷിണം വയ്ക്കയാണിന്നിന്റെ ഭാവന,
പൈതൃകം പൂകൾപെറ്റ സൈകതത്തിൽ.



എഴുത്ത് എൽസ തോമസ്

V A

# എന്റെ സ്കൂൾ

എന്റെ സ്കൂൾ മറക്കാൻ ആവാത്ത കൂട്ടുക്കാർ,ടിച്ചർമ്മാർ,സാറുമ്മാർ,പ്രിൻസിപ്പിൽ അങ്ങനെ ആറ് വർഷം കൊണ്ട് എന്റെ ജിവിതത്തിൽ വന്ന ഒത്തിരി പേർ ആ സ്കൂളിൾ ഉണ്ട്.അവിടെ എനിക്ക് ഏറ്റവും പ്രിയപ്പെട്ട കൂട്ടുക്കാർ അമലും,ആഗ്ന,ജനിഫറും ആയിരുന്നു.പിന്നെ എനിക്ക് സ്കൂളിൽ ഇഷ്ട്ടപ്പെട്ട ടിച്ചറാണ് ജൻസിലി മിസ്സായിരുന്നു.കാരണം ഒരിക്കലും ഇംഗ്ലിഷ് സംസാരിക്കിില്ലെന്നും പറഞ്ഞ എന്നെ ഇംഗ്ലിഷ് സംസാരിക്കാൻ പ്രേരിപ്പിച്ചത് ജൻസിലി മിസ്സാണ്.സാറുമാരിൽ എനിക്ക് ഇഷ്ട്ടപ്പെട്ടത് തോമസ് സാറിനെയാണ്.കാരണം എനിക്ക് നല്ല നല്ല കാര്യങ്ങൾ പറഞ്ഞ് തരുകയും മറ്റുള്ളവരോട് നന്നായി പെരുമാറണമെന്ന് പഠിപ്പിച്ചുതരുകയും ചെയ്യും.എനിക്ക് ആണങ്ങളിൽ കുട്ടുകാരയുള്ളത് ഷിഫിനും ഗോഗുലുമാണ്.എന്തെങ്കിലും ആവശ്യം വന്നാൽ എന്നെ എല്ലാ കുട്ടുകാരും സഹായിക്കും.എന്റെ സന്തോഷത്തിലും,സങ്കടത്തിലും അവർ എന്റെ കൂടെ ഉണ്ടാകും.എന്റെ സ്കൂളിലെ മാനേജർ അച്ചന്റെ പേരാണ് വർഗിസ് മാളിയക്കൽ പ്രിൻസിപ്പാളിന്റെ പേരാണ് രാജൻ ജോസഫ് സർ. എന്റെ സ്കൂളിൽ രണ്ട് കളിസ്ഥലമുണ്ട്.ഒന്നു കുഞ്ഞുകുട്ടികൾക്കും രണ്ട് വലിയ കുട്ടികൾക്കുമാണ്.അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു ,ആഴ്ച്ചകൾ കഴിഞ്ഞു വലിയ പരിക്ഷയും വന്നു.എല്ലാ പരിക്ഷയും കഴിഞ്ഞു.മാർക്കലിസ്റ്റും വന്നും അഞ്ചാം ക്ലാസിലേക്ക് പാസായി വെക്കേഷൻ അധികം വൈകാതെ കഴിഞ്ഞു.അപ്പോഴാണ് അച്ചൻ പറഞ്ഞത് എന്നെ സ്കൂൾ മാറ്റിയന്ന്
വിഷമത്തോടെ പുതിയ സ്കൂളിലേക്ക് പോയി എന്നാലും അവരോട് പറയാതെ പോയതിൽ എനിക്ക് സങ്കടമുണ്ട്

# സർഗ്ഗ വസന്തം

ജീവൻ
4.A



മുഹമ്മദ് ഷിബിൽ
9.A



# കടലാസുപയോഗിച്ച് ചെയ്യാൻ കഴിയുന്ന പരീക്ഷണങ്ങൾ

- ഒരു ഗ്ലാസിൽ വെള്ളമെടുക്കുക. അതിനുമുകളിൽ ഒരു പേപ്പർ വെച്ച് ,അതിനു നടുവിലായി ഒരു നാണയം വെക്കുക. പേപ്പർ പെട്ടെന്ന് വലിക്കുമ്പോൾ നാണയം കൃത്യമായി ഗ്ലാസിൽ വീഴുന്നു .
- കടലാസ് വൃത്താകൃതിയിൽ വെട്ടി നിറങ്ങൾ കൊടുത്ത് ന്യൂട്ടന്റെ വർണപമ്പരം നിർമ്മിക്കാം.
- സൂര്യപ്രകാശത്തെ ഒരു ലെൻസിന്റെ സഹായത്തോടെ പേപ്പറിലേക് കേന്ദ്രികരിക്കുക. അൽപ സമയത്തിനുള്ളിൽ പേപ്പർ കത്തുന്നതായി കാണാം
- ഒരു കടലാസിനുമുകളിൽ അൽപം എണ്ണ ഒഴിച്ചാൽ അത് സുതാര്യമാകും.
- ഒരു പേനയെടുത്തു തലയിൽ നന്നായി ഉരസിയ ശേഷം ചെറിയ പേപ്പർ കഷണങ്ങളുടെ അടുത്ത് കൊണ്ടുവന്ന് പേന പേപ്പർ ക്ഷണങ്ങളോട് ആകർഷിക്കുന്നത് കാണാം.

മുന ടീച്ചർ
HST അറബി



# ഇളം തെന്നൽ

മറ്റുള്ളവരെല്ലാം അവളെ തള്ളി പറയുമ്പോഴും അവൾക്ക് എന്നും ആശ്വാസം ആയിരുന്നത്  നസീമിന്റെ സാമിപ്യമായിരുന്നു. പരിഭവങ്ങളും പിണക്കങ്ങളുമെല്ലാം അവനുമായി പങ്കു വെക്കുമ്പോഴായിരുന്നു ജീവിതത്തിൽ അവൾ ആനന്ദം കണ്ടെത്തിയിരുന്നത്. കൂട്ടുകാരികൾ പല വഴികളിലേക്കും മാറിപ്പോയപ്പോഴും ജീവിതത്തിലെന്നും കൂടപ്പിറപ്പായുള്ള ഏകാന്തതിലെല്ലാം അവൾ ജീവിച്ചതും സന്തോഷിച്ചതുമെല്ലാം നസീമിന്റെ തലോടലിലായിരുന്നു മറ്റുള്ളവർ എന്ത് പറയുന്നു എന്നത് അവൾക്കെന്നും അന്യമായിരുന്നല്ലോ കൂടാതെ വീട്ടുകാരുടെ കുറ്റപ്പെടുത്തലും കൂടിയായപ്പോൾ അവൾ നസീമുമായി കൂടുതൽ അടുത്തു . അവളെ നോക്കി കൊഞ്ഞനം കുത്തുന്നവരുടെ ഇടയിൽ നിന്നും അവൾക്ക് എന്നും ആശ്വാസവും സ്വാന്തനവും നൽകിയതും നസീം തന്നെ. വശ്യമായ പുഞ്ചിരിയോടെ ശോകമായിരിക്കുന്ന അവൾക്കരികെ എത്തുന്ന ആ ഇളം തെന്നലിന് അറബിയിൽ പറയുന്ന പേരെത്ര നസീം .

സിതാര ടീച്ചർ

HST ഇംഗ്ലീഷ്



## പഠന പിന്നോക്കാവസ്ഥ -എങ്ങനെ പഠന മികവു നേടാം

പഠന മികവ് ബുദ്ധി ശക്തിയെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നല്ല ,മറിച്ച വ്യക്തിയുടെ ശാരീരികവും ,മാനസികവും സാമൂഹ്യപരവുമായ ചുറ്റുപാടിനെയും ആശ്രയിച്ചിരിക്കുന്നു.ഇവ ഓരോന്നിനേയും കുറിച്ചുള്ള ഒരു സാമാന്യ ജ്ഞാനം ഏവർക്കും അത്യാവശ്യമാണ്.പഠിക്കുന്ന കുട്ടികളേയും,ഇഷ്ടപ്പെടുന്ന കുട്ടികളേയും മാത്രം ശ്രദ്ധിക്കുകയും ,മറ്റുള്ള കുട്ടികളെ അവഗണിക്കുകയും ചെയ്യുന്നത് ഉത്തമ അദ്ധ്യാപകന്  ചേർന്നതല്ല .കുട്ടികളോടുള്ള മുൻവിധി പ്രകാരമുള്ള പെരുമാറ്റം അവരുടെ പഠനത്തേയും ബാധിക്കുന്നു .അധ്യാപകരിൽ നിന്നുള്ള അഭിനന്ദന വാക്കുകൾ,പ്രോത്സാഹന സൂചകമായ പെരുമാറ്റം ,ചെറു സമ്മാനങ്ങൾ എന്നിവയൊക്കെ കുട്ടികൾക്കു പ്രചോദനമാകുന്നു.

കലാസ്വാദനവും,വിശ്രമ വേളകളെ  ഉല്ലാസഭരിതമാക്കുന്ന ഹോബികളും കളികളും; വിശ്രമവും ,വ്യായാമവും ,യോഗാഭ്യാസവും മറ്റും മനസ്സിനെ സ്വസ്ഥമാക്കാനും പഠനത്തെ കൂടുതൽ ആയാസ രഹിതമാക്കാനും മികവുള്ളതാക്കാനും സഹായിക്കുന്നു .

മാതാ പിതാക്കളുടെ വിദ്യാഭ്യാസ നിലവാരം,കുടുംബത്തിലെ സാമ്പത്തിക ഭദ്രത ,പഠന സൗകര്യങ്ങൾ എന്നിവ കുട്ടിയുടെ പഠന നിലവാരത്തെ സ്വാധീനിക്കുന്നു .

കുടുംബത്തിലുണ്ടാകുന്ന ദുരന്തങ്ങൾ ,ഏറ്റവും അടുത്തബന്ധുവിന്റെയോ  സുഹൃത്തിന്റെയോ രോഗം,മരണം ,മാതാ പിതാക്കൾ തമ്മിൽ നിരന്തരമുണ്ടാകുന്ന കലഹം,മാതാപിതാക്കളുടെ വിവാഹ മോചനം ,രണ്ടാനമ്മ/രണ്ടാനച്ഛൻ എന്നിവരുടെ വരവ്,പ്രശ്ന മുണ്ടാക്കുന്ന വ്യക്തികളുടെ സാമീപ്യം ,മാനസിക ശാരീരിക പ്രശ്നങ്ങൾ ,നിസ്സംഗത ,മാനസിക സമ്മർദ്ദവും പിരിമുറുക്കവും

അനിയന്ത്രിത വികാരങ്ങൾ.പഠന വൈകല്യങ്ങൾ,പാഠ്യേതര വിഷയങ്ങളിലുള്ള അമിത താൽപര്യം എന്നിവ പഠന മികവിനെ പ്രതികൂലമായി ബാധിക്കുന്നു.

## പഠനപിന്നോക്കാവസ്ഥയുടെ ലക്ഷണങ്ങൾ

-പരീക്ഷയിൽ ലഭിക്കുന്ന കുറഞ്ഞ മാർക്ക് അഥവാ ഗ്രേഡ്

-തുടർച്ചയായ പരാജയം



-ഓർമ്മക്കുറവ് /മറവി

-പാഠ്യവിഷയങ്ങളിൽ താൽപര്യമില്ലായ്മ

-പഠനത്തോട് വിരക്തി /മടുപ്പ്

-അശ്രദ്ധ /ഏകാഗ്രതയില്ലായ്മ

-ഗ്രഹിക്കാനും വിശകലനം ചെയ്യാനുമുള്ള അപര്യാപ്തത അലസത,അമിതമായ ഉത്കണ് ഠ,പരാജയ ഭീതി

മേൽ പറഞ്ഞ ലക്ഷണങ്ങൾ കാണുമ്പോൾ കുട്ടിക്ക് പഠനത്തിൽ താല്പര്യം കുറയുന്നതായി കാണാം .കുട്ടിയെ കുറ്റപ്പെടുത്താതെ മനസ്സിനെയോ ശരീരത്തിനെയോ അലട്ടുന്ന പ്രശ്നങ്ങളും ,മാനസിക പരിമുറുക്കങ്ങളും എന്തെന്നു മനസ്സിലാക്കി അതു പരിഹരിച്ചു മുന്നോട്ടു പോയാൽ പിന്നോക്കാവസ്ഥ തരണം ചെയ്ത് കഴിവിനൊത്ത മികവ് പുലർത്താൻ സാധിക്കുന്നു .

### പഠന നിലവാരം കൂട്ടാനുള്ള മാർഗങ്ങൾ

## സർഗ്ഗ വസന്തം

പല കുട്ടികളും വ്യത്യസ്ത സമയങ്ങളാണ് പഠനത്തിനായി തിരഞ്ഞെടുക്കുന്നത്.കുട്ടിയുടെ ഇന്ദ്രിയ ബോധത്തിനനുസരിച്ചുള്ള പഠന രീതി അവലംബിക്കുകയാണ് വേണ്ടത് .അതായത് ചില കുട്ടികൾക്ക് ക്ലാസിൽ എത്ര ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ആ കേട്ട കാര്യങ്ങൾ സ്വയം വായിച്ച് നോക്കി പഠിച്ചെങ്കിൽ മാത്രമേ ഉൾകൊള്ളാൻ സാധിക്കുകയുള്ളൂ..എന്നാൽ മറ്റു ചിലരിൽ കേട്ടു പഠിക്കുന്നതാവാം കൂടുതൽ സഹായകരം .മനസ്സിന്റെ കാര്യക്ഷമമായ പ്രവർത്തത്തിനും ഓർമ്മ ലഭിക്കുന്നതിനും ഏറ്റവും ഉത്തമമായ സമയം അവൻ സ്വയം കണ്ടെത്തുകയാണ് വേണ്ടത്.

### ഓർമ്മ കൂട്ടാൻ ചില വിദ്യകൾ

ഉറങ്ങുവാൻ കിടക്കുമ്പോൾ അന്നു രാവിലെ എണീറ്റതു മുതൽ ഉറങ്ങുന്നത് വരെ എന്തൊക്കെ ചെയ്തു എന്ന് കൃത്യമായി ഓർക്കുവാൻ ശ്രമിക്കുക .

എന്തൊക്കെ വിട്ടു പോയി എന്നു വീണ്ടും ഓർക്കുക.


മന കണക്കുകൾ സമയം കിട്ടുമ്പോഴൊക്കെ ചെയ്തു നോക്കുക.

ഏതു കാര്യവും ദൃശ്യരൂപത്തിൽ ഓർമ്മിച്ചു വായ്ക്കുവാൻ എളുപ്പമാണ്.

സ്വയം ഓർമ്മ പരീക്ഷ നടത്തുക .

ഉദ:അന്നത്തെ പത്രത്തിലെ ഒരു പുറത്തെ തലവാചകങ്ങളൊക്കെ ഓർക്കുവാൻ ശ്രമിക്കുക.ക്ലാസ് മുറികളിലേക്ക് കയറി വരുന്ന

കോണിപ്പടിയിൽ എത്ര പടികളുണ്ടെന്ന് ഓർക്കുക.ഇങ്ങനെ പല കാര്യങ്ങൾ ഓർക്കുവാൻ ശ്രമിക്കുകയും ,അതിനായി പ്രത്യേകം താല്പര്യത്തോടെ അത് ശ്രദ്ധികുകയും മനസ്സിൽ കുറിച്ച് വെക്കുകയും പിന്നീട് ഓർമ്മിച്ചെടുക്കുകയും ചെയ്യുന്നതൊരു ശീലമാക്കുക .ഇത് മറവി മാറ്റി നല്ല ഓർമ്മ ശക്തി തരുന്നു.പരീക്ഷാ ഫലം വരുമ്പോൾ മോശമാണെങ്കിൽ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി അവ പരിഹരിച്ച് വീണ്ടും പഠിക്കുക.




ഒരു പഠിതാവിനു പഠിക്കാൻ എങ്ങനെ പഠിക്കാം

- അവനവന്റെ മനസ്സിനു ഒരു ദൃഢത വരുത്തി അന്നന്നുള്ള പാഠങ്ങൾ ഞാൻ പഠിച്ചു തീർക്കും എന്ന് ഒരു പ്രതിജ്ഞ എടുക്കുക .
- ഒരു കൃത്യമായ സമയം പഠിക്കാനായി മാറ്റി വെച്ച് അത് കൃത്യമായി പാലിക്കാൻ ശ്രമിക്കുക.

## സർഗ്ഗ വസന്തം

- പഠനത്തിനാവശ്യമായ എല്ലാ സാമഗ്രികളും പഠിക്കാൻ തുടങ്ങുമ്പോൾ അരികിൽ ഉണ്ടായിരിക്കണം.
- കഴിയുന്നത്ര മനസ്സിനെ ഏകാഗ്രമാക്കി ശ്രദ്ധവ്യതിയാനമുണ്ടാക്കാതെ മുമ്പോട്ട് പോകാൻ ശ്രദ്ധിക്കുക.
- TV, Mobile phone കൾ എല്ലാം കഴിയുന്നത്ര നിർബന്ധമായി switch off ചെയ്ത് വെക്കുക .
- പഠിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ അലട്ടുന്ന ചിന്തകളും ഒരു വിഷയം മനസ്സിലാക്കാത്തതിന് മറ്റുള്ളവരുടെ മേൽ ചുമത്തുന്ന മുടന്തൻ  ന്യായങ്ങളും ഒക്കെ ബോധപൂർവ്വം ഒഴിവാക്കുക.
- പഠിക്കാൻ തുടങ്ങുമ്പോൾ ഏറ്റവും എളുപ്പമായ വിഷയം പഠിച്ചു തുടങ്ങുക. ഇത്എളുപ്പം പഠിച്ച് തീരുമ്പോൾ ഉണ്ടാകുന്ന സന്തോഷവും സംതൃപ്തിയും ത്തന്നെ  തുടർന്നു പഠിക്കാനുള്ള പ്രേരണയും ഉണ്ടാകാനായി വഴിയൊരുക്കും .
- ഒരു എളുപ്പമുള്ള വിഷയം പഠിച്ച് കഴിഞ്ഞ് അടുത്തത് പ്രയാസമുള്ള വിഷയത്തിലേക്കു കടക്കണം .
- ഏറ്റവും പ്രയാസമുള്ള വിഷയം ഏറ്റവും അവസാനമായി പഠിക്കാൻ വക്കരുത്.



## സർഗ്ഗ വസന്തം

- ഒരു പാഠം വായിച്ചു തുടങ്ങിയാൽ ഒരു തവണ വായിച്ചിട്ട് മനസ്സിലായോ എന്ന് പരിശോധിക്കാതെ  അടുത്ത പാഠത്തിലേക്കോ വിഷയത്തിലേക്കോ പോകാതിരിക്കുക.ഇതേ പാഠം തന്നെ കൂടുതൽ ശ്രദ്ധയോടെ ആവർത്തിച്ചു വായിച്ച് വീണ്ടും വീണ്ടും അതിലെ ആശയങ്ങൾ മനസ്സിലായോ എന്ന് സ്വയം പരിശോധിച്ച് മുന്നോട്ട് പോവുക .



- ഓരോ പാഠവും പഠിച്ചു കഴിഞ്ഞ് അതിലെ  പോയിന്റുകൾ വ്യക്തമായി ഒരു പുസ്തകത്തിൽ ശരിയായ തലക്കെട്ട് സഹിതം എഴുതിവെക്കുക.ഇത് പിന്നെ പരീക്ഷക്ക് പഠിക്കുമ്പോൾ  ഒരു പാഠം വായിക്കാൻ സമയമില്ലെങ്കിൽ പോലും ഈ പോയിന്റുകൾ ഒന്നോടിച്ച് വായിച്ചാൽ തന്നെ ആ പാഠം ഓർമ്മയിൽ വരാൻ സഹായകമാകും .പഠിച്ചുവച്ച കാര്യങ്ങൾ സമയം കിട്ടുമ്പോൾ വീണ്ടും എടുത്ത് കൂടെ കൂടെ വായിക്കാൻ ശ്രദ്ധിക്കണം ഇല്ലെങ്കിൽ മറന്ന് പോകും.  പരീക്ഷാ ഭയം മാറ്റാനായി പിൻകാല വർഷത്തെ ചോദ്യപ്പേപ്പറുകൾ ഒരു പരീക്ഷക്ക് എങ്ങനെ എഴുതുമോ ആ രീതിയിൽ പ്രാക്ടിസ് ചെയ്യുന്നത് ഉത്തമമാണ് .എല്ലാം എഴുതാൻ കഴിഞ്ഞില്ലെങ്കിലും മനസ്സിൽ സാങ്കൽപികമായെങ്കിലും ഇതൊരു പരീക്ഷ എന്ന രീതിയിൽ ആ ചോദ്യപ്പേപ്പറിലെ ചോദ്യങ്ങൾ വായിച്ച് ഉത്തരം സങ്കൽപ്പത്തിൽ കണ്ടെത്താൻ ശ്രമിക്കുക .ചോദ്യങ്ങൾ വായിക്കുമ്പോൾ ചില

കുട്ടികൾക്കെങ്കിലും പ്രയാസമുള്ള ചോദ്യങ്ങൾ വായിച്ച കഴിഞ്ഞാൽ ആകപ്പാടെയുള്ള ഒരു വിഭ്രാന്തി ഉണ്ടാകാറുണ്ട്.

ഇതിനെ തരണം ചെയ്യാനായി ഓരോചോദ്യങ്ങളും ശ്രദ്ധയോടെ വായിച്ച് അതിൽ ഏറ്റവും നന്നായി അറിയാവുന്നത് ഉത്തരം എഴുതാനായി തിരഞ്ഞെടുത്തെഴുതുക ,പ്രയാസമുള്ളതോ നന്നായി അറിവില്ലാത്തതോ അവസാനം എഴുതാനായി മാറ്റിവെക്കുക. ഇതു വഴി അറിയാകുന്ന ചോദ്യ ങ്ങൾക്ക് കിട്ടാവുന്നതിന്റെ പരമാവതി മാർക്ക ലഭിക്കാൻ സഹായകമാകും .





അൻസില.എം

6.A

# അനാഥയായ പെൺകുട്ടി

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ അലീന എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു.അവൾ വളരെയധികം സുന്ദരിയായിരുന്നു.പക്ഷെ അവളൊരു അനാഥ കുട്ടിയായിരുന്നു.അവൾക്ക് കിടക്കാനും വിശ്രമിക്കാനും ഒരു ചെറിയ മുറിമാത്രമാണ് ഉണ്ടായിരുന്നത്.ഒരു വീട്ടിലെ വേലക്കാരിയായിരുന്നു അവൾ.പക്ഷെ അവൾക്ക് അതിനുള്ള കൂലിയൊന്നും കൊടുത്തിരുന്നില്ല.കൂലിയൊന്നും അവർ കൊടുക്കാത്തതിനാൽ മറ്റുള്ളവർ സഹായിച്ചായിരുന്നു അവളുടെ ജീവിതം.അങ്ങനെയിരിക്കെ ഒരു ദിവസം ആരും തന്നെ അവളെ സഹായിച്ചില്ല.അപ്പോളാണ് അതുവഴിവന്ന രണ്ടു പേർ അവളെ കണ്ടതും കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞതും.അവളുടെ കഷ്ടപ്പാടുകളും ദുരിതങ്ങളും കേട്ടപ്പോൾ അവർക്ക് അവളോട് സഹതാപവും സ്നേഹവും തോന്നി.കുട്ടികൾ ഇല്ലാത്ത അവർ അവളെ ഏറ്റെടുക്കുകയും രാജകുമാരിയെ പോലെ വാഴിക്കുകയും ചെയ്തു.അങ്ങനെ ആ അനാഥ ബാല്യം നല്ല രീതിയിൽ വളർന്ന് കൊണ്ടിരുന്നു.

വിസ്മയ.കെ
8.B



## ആറന്മുള കണ്ണാടി

പ്രത്യേകതരം ലോഹ കൂട്ടു കൊണ്ട് നിർമിച്ച ദർപ്പണമാണ് ആറന്മുള കണ്ണാടി .സാധാരണ ദർപ്പണത്തിൽ ഉള്ളതിനേക്കാൾ വ്യക്തമായ പ്രതിബിംബം ഇതിൽ ലഭിക്കുന്നു.പ്രകാശം ഒരു മാധ്യമത്തിൽനിന്ന് വ്യത്യസ്തമായ മറ്റൊരു മാധ്യമത്തിലേക്ക് കടക്കുമ്പോൾ അതിന്റെ പാതയ്ക്ക് വ്യതിയാനം സംഭവിക്കുന്നു.പ്രകാശത്തിന്റെ ഈ പ്രതിഭാസമാണ് അപവർത്തനം (reflection).



അനഘ.C

10.A



## വീഴ്ച

**പണ്ട് ഞാൻ കസേരയിൽ നിന്നും**
**പിന്നിലേക്ക് മറിഞ്ഞു വീണിരുന്നു.**
**വീഴ്ചയുടെ  തമാശയോർത്ത്**
**ഞാൻ തലയറഞ്ഞ് ചിരിക്കുകയും**
**ചെയ്തിരുന്നു .**
**എന്നാൽ ഇന്ന് ,**
**കസേരയിലിരിക്കുന്ന എന്നെ**
**ആരൊക്കെയോ**
**പിന്നിൽനിന്നും തള്ളിയിടുന്നു .**
**വീഴ്ചയിൽ ഞാൻ കരയുന്നത് കണ്ട്**
**എന്നെ എല്ലാവരും പരിഹസിക്കുന്നു !.**

രാധിക.പി

(LP ST)



# ക്ലോക്ക് ടവർ

ക്ലോക്ക് ടവറിന്റെ കീഴിൽ ഒരു നിമിഷം നിന്നു.പരാശർ തന്റെ കയ്യിലുള്ള ഗ്രന്ഥത്തിന്റെ ആദ്യ താളുകൾ തുറന്നു.വെളുത്ത പ്രതലം,നിറയെ മഞ്ഞ പുഷ്പങ്ങൾ പച്ചവിരിച്ച സസ്യ ലതാദികൾ കുറച്ച് കൂടെ അടിയിൽ ചെറുതായി മഷി പരന്നിരിക്കുന്നു.സമയം ശരിയല്ല .അയാൾ ഉടൻ ക്ലോക്കിലേകയ്ക്ക് നോക്കി.അല്ല സമയം ശരിയാണ്.തന്റെ ഊഹമാണ് തെറ്റിയത്.ഓർമയുടെ വെള്ളകീറിയ വരാന്തയിലൂടെ അയാൾ നടന്നപ്പോൾ ബാല്യം ആ ഒരു താളിലൊതുങ്ങി.

പരാശർ വീണ്ടും ക്ലോക്കിലേയ്ക്ക്

നോക്കി,സമയം മധ്യഹ്നത്തോടടുക്കുന്നു.അയാൾ തന്റെ കയ്യിലുള്ള ഗ്രന്ഥത്തിന്റെ രണ്ടാമത്തെ താളിയിലേയ്ക്ക് നോക്കി....നിറയെ ചിത്രശലഭങ്ങൾ,പലനിറത്തിലുള്ള പൂക്കൾ,ഒരു പുഴയും ഒരുപാട് കൈവഴികളും....നിറയെ കളിവഞ്ചികൾ ദിശയിലൂടെ പോകുന്നവ,ദിശതെറ്റിനീങ്ങുന്നവ.ഏതുവഞ്ചിയെയാണ് ശരിയായ ദിശയിലേയിക്ക് നയിക്കുക.ഒന്നിനെ മാത്രമായി നയിക്കാനാകില്ല.പല്ലി ചിലച്ചു.കൗമാരത്തിന്റെ നിസ്സഹായവസ്ഥയും.....അയാളുടെ മുഖത്തെ ചലനമില്ലാതാക്കി.അതിപ്പോൾ കയത്തിൽ അകപ്പെടാതെ തീരത്തണയേണ്ടതാണ്.

ചിന്തകൾ ചീറിപാഞ്ഞുപോകുമ്പോൾ

അയാൾ വീണ്ടും ക്ലോക്കിലേക്ക് നോക്കി.സമയം മധ്യഹ്നം കഴിഞ്ഞുപോയി.വഴിയരികിൽ പൂത്തതെല്ലാം ചുവന്ന വാകകൾ,ശബ്ദങ്ങൾ....അല്ലാ കാഹളങ്ങൾ കൈകളിൽ കൊടികൾ,വടികൾ,ആയുധങ്ങൾ ചുറ്റും നിറയെ

ജനത്തിരക്ക്.പുഴയ്ക്ക് നീല നിറമല്ല.ചുവന്ന നിറമാണ് ഭാഷകൾ വ്യക്തമാകത്തവ യൗവനത്തിന്റെ തീക്ഷ്ണത.

ഇപ്പോൾ ക്ലോക്കിലെ സമയം വ്യക്തമല്ല വളരെ പ്രയാസപ്പെട്ട് അയാൾ സായാഹ്നമായെന്ന് മനസ്സിലാക്കി.പുഴയ്ക്ക് കറപ്പു നിറം വൈകല്യം ബാധിച്ച പോലെ.ശുഷ്കിച്ചൊഴുകുന്നു.നാലാമത്തെ നാളിലാണ് ഇപ്പോൾ.വാർധക്യം ബാധിച്ച വിരലുകൾ.മേഘങ്ങൾക്കുതെളിമയില്ല .ചുറ്റും ജന തിരക്കില്ല.ക്ലോക്ക് ആടി ഉലയുന്നു.തന്റെ കൈയ്യിൽ ഊന്ന് വടി ഉണ്ടല്ലോ?അകലെ പരുന്തിന്റെ ചിറകടി.പതിയെ നോക്കിയപ്പോൾ നരബാധിച്ച ദേഹത്ത് ഒരു തോർത്ത് മാത്രം.

പക്ഷികൾ,കിളികൾ,പൂക്കൾ,ജനങ്ങൾ ഒക്കെ മാഞ്ഞു പോയിരിക്കുന്നു.ക്ലോക്ക് നിർജീവമാകുന്നു.മേഘങ്ങൾ കറുത്തു പോയി.പുഴയും ഞാനിതാ യാത്രയാകുന്നു.നിങ്ങളും.....നമുക്ക് അനുവദനീയമായ സമയം ഇതാ അവസാനിക്കുന്ന്.കണ്ടതൊക്കെ മായയിൽ ലയിക്കുന്നു.

ദേവിക.o.s
7A

# ക്ലിന്റ്

പ്രശസ്ത എഴുത്തു കാരനായ സെബാസ്റ്റ്യൻ – പള്ളിത്തോട് ക്ലിന്റ് എന്ന ബാലന്റെ ജീവിതത്തെ പറ്റി എഴുതിയിരിക്കുന്ന പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പാണ് തയ്യാറാക്കിയത്.

എറണാകുളം സ്വദേശിയായ എം .ടി ജോസഫിന്റെയും ഭാര്യ ചിന്നമ്മയുടെയും മകനായി 1906 MAY 19 നാണ് ക്ലിന്റ് ജനിച്ചത്.

സംസാരിക്കാൻ തുടങ്ങിയ പ്രായത്തിൽ തന്നെ കൊച്ചു ക്ലിന്റ് അച്ഛനോട് ചോദിച്ചത് ആകാശത്തുള്ള നിറങ്ങളെ പറ്റിയാണ്.മുട്ടു കുത്തി നടക്കുന്ന പ്രായത്തിൽ തന്നെ ചോക്ക് കൊണ്ട് തറയിൽ നിറയെ വൃത്തങ്ങൾ വരച്ചിടുകയായിരുന്നു അവന്റെ പ്രധാന വിനോദം. നടക്കാൻ തുടങ്ങിയപ്പോഴേക്കും വെള്ളയടിച്ച ചുമരായി അവന്റെ കാൻവാസ് .അടുത്ത ഫ്ലാറ്റിലെ കുട്ടികൾ കളിക്കാനായി വരുമ്പോൾ തന്റെ കളിസാധനങ്ങൾ മുഴുവൻ അവർക്ക് കൊടുത്ത് ക്ലിന്റ് പിന്നെയും ചിത്ര രചനയിൽ

മുഴുകു മായിരുന്നു.നാല് വയസ്സായപ്പോൾ ക്ലിന്റിനെ സ്കൂളിൽ ചേർത്തി .

പക്ഷെ ഇടക്കിടെ ഓരോരോ അസുഖങ്ങൾ വരുന്നതു മൂലം ഒരു വർഷം മാത്രമേ ക്ലിന്റിന് സ്കൂളിൽ പോകാൻ കഴിഞ്ഞുള്ളു.പള്ളിയിൽ പോയി തിക്കിലും തിരക്കിലും പെട്ട് പ്രാർത്ഥിക്കാൻ ക്ലിന്റിന് ഇഷ്ടമുണ്ടായിരുന്നില്ല. അതിന്റെ കാരണം ചോദിച്ച അമ്മയോടവൻ പറഞ്ഞു ആൾക്കൂട്ടത്തിൽ വെച്ച് നമുക്കെങ്ങനയാണമ്മെ ദൈവത്തിനോട് സംസാരിക്കാൻ കഴിയുന്നത് ?

ചിത്രകാരൻ ജി .മോഹൻ ക്ലിന്റിന്റെ മനസ്സിൽ ചിത്രത്തിന് വലിയ സ്ഥാനമുണ്ടാക്കി.വലുതാകുമ്പോൾ അദ്ദേഹത്തെ പ്പോലെ യാകണമെന്നായിരുന്നു ക്ലിന്റിന്റെ ആഗ്രഹം .ഒരു ചിത്രം തന്നെ പൂർണ തൃപ്തിയാലാകും വരെ രണ്ടും മൂന്നും തവണ ക്ലിന്റ് വരച്ചിട്ടുണ്ട് .

ക്ലിന്റിന്റെ ജീവിതത്തെ സ്വാധീനിച്ച മറ്റൊരു വ്യക്തി ഡോക്ടർ ജോസഫ് എബ്രഹാമായിരുന്നു .ക്ലിന്റിന്റെ അസുഖം ക്രോണിക് ട്യൂബ്ലർ നെഫ്രൈറ്റിസാണെന്ന് അദ്ദേഹം കണ്ടെത്തി.ഹോമിയോ ചികിത്സയും ഡോക്ടർ നിർദ്ദേശിച്ചു.അങ്ങനെ ക്ലിന്റ് ആശുപത്രിയിൽ ഡോക്ടറുടെ സ്ഥിരം സന്ദർശകനായി.എങ്കിലും 1983 ഫെബ്രുവരിയിൽ കോഴിക്കോട് യൂണിവേഴ്സൽ ആർട്സ് നടത്തുന്ന ചിത്ര


രചന മത്സരത്തിൽ പങ്കെടുത്ത് പതിനായിരം പേരിൽ നിന്നും ഒന്നാമനായി.കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ പാടിനടക്കാൻ ക്ലിന്റ് വളരെ ഇഷ്ടപ്പെട്ടിരുന്നു.1983 ഏപ്രിൽ 14 ന സമയം ഉച്ച കഴിഞ്ഞ മൂന്നു മണിയായിട്ടുണ്ട്.ക്ലിന്റിന് വളരെ ക്ഷീണം തോന്നി.അവൻ അമ്മയോട് ബൈബിൾ വായിക്കാൻ ആവശ്യപ്പെട്ടു.'അമ്മ ബൈബിൾ വായിക്കാൻ തുടങ്ങിയപ്പോൾ ക്ലിന്റ് പറഞ്ഞു,"അമ്മേ ഞാൻ പെട്ടെന്ന് ഉറങ്ങി പോയേക്കാം,എന്നെ ഉണർത്തരുതേ"ക്ലിന്റ് പിന്നീട് ഉണർന്നില്ല.

ക്ലിന്റിന്റെ ജീവിത കഥ വായിച്ചപ്പോൾ സത്യത്തിൽ എനിക്കു തോന്നുന്നത് "ലോക പ്രശസ്ത ചിത്രകാരൻ "പിക്കാസോ"ക്ലിന്റ് എന്ന ബാലനായി വീണ്ടും പുനർജനിച്ചുവോ"എന്നാണ്.



# സർഗ്ഗ വസന്തം

ദേവൻ മാഷ്



ഐശ്വര്യ.M.രാജ്
10.A



# കേരളീയസംഗീതം

സംഗീതം അനാദിയാണ്. കലകളിൽ അപരസാമ്യമില്ലാത്ത സ്ഥാനമാണ് സംഗീതത്തിന്. സുന്ദര മെന്നതു പോലെതന്നെ അതി സങ്കീർണവുമാണത് .ഈ ലളിത കലയുടെ സാങ്കേതിക വശങ്ങളെപ്പറ്റി സാമാന്യമായ അറിവുണ്ടെങ്കിൽ മാത്രമേ സംഗീത പ്രഭാവത്തിന്റെ മാസ്മരിക ലോകത്തേക്ക് കടക്കാനാവൂ...

ഹൃദയാ വർജകങ്ങളായ ധ്വനികളെയും അടിസ്ഥാന മാക്കിയുള്ള ലളിത കലയാണ് സംഗീതം. സുശ്രാവ്യമായ ശബ്ദ സമൂഹങ്ങൾ കൊണ്ട് ഹൃദയത്തിൽ ഉൽകൃഷ്ട വികാരങ്ങൾ ഉളവാക്കി ആനന്ദം ജനിപ്പിക്കുക എന്നതാണ് ഈ കലയുടെ ഉദ്ദേശ്യം.കേരളീയ തനിമയിൽ സംഗീതത്തിന്റെ സ്ഥാനം വളരെ യധികം മഹനീയമാണ്.സോപാനസംഗീതം എന്ന പേരിൽ കേരളത്തിനു തനതായിട്ട് ഒരു സംഗീത-സമ്പ്രദായമുള്ളതായി ഒരു അഭിപ്രായമുണ്ട്.കാര്യമായ രാഗവിസ്താരമൊന്നുമില്ലാത ലഘുവായ രീതിയിൽ സഞ്ചാരം മിക്കവാറും ഒരു സ്ഥായിക്കുള്ളിൽ നിർത്തി രാഗത്തിന്റെ

സ്ഥൂലരൂപം മാത്രം അവലംബിച്ച് ഗമഗം,സംഗതി മുതലായ ഗാനാലങ്കാരങ്ങൾക്ക് പറയത്തക്ക സ്ഥാനമൊന്നും നൽകാതെ സമസ്ഥാനത്തുള്ള ഗൃഹത്തോടുകൂടി പ്രായേണ പതിഞ്ഞ മട്ടിൽ പാടുന്നതാണ് സോപാനത്തിന്റെ പ്രത്യേകത.

സോപാനസംഗീതത്തിന്റെ ഉത്തമ മാതൃകയാണ് കഥകളിയിലെ സംഗീതം.കഥാപാത്രങ്ങൾക്ക് അഭിനയിക്കാനുള്ള പദങ്ങളും കഥാഗതിയെ അനുസൃതമായി നയിക്കുന്ന ശ്ലോകങ്ങളുമാണ് കഥകളിയിലെ ഗാനങ്ങൾ.

കേരളസംഗീതത്തിന് പ്രത്യേകമായ ഉപകരണങ്ങളിൽ കൂടിയാട്ടത്തിന് ഉപയോഗിക്കുന്ന മിഴാവും കഥകളിക്കുപയോഗിക്കുന്ന ചെണ്ട,മദ്ദളം,ചേങ്ങില,ഇലത്താളം എന്നിവയുംകൂടാതെ ഇടയ്ക്ക ,തിമില ,ശംഖ്.കൊമ്പ്,കുഴൽ, കൈമണി,നന്തുണി,എന്നിവയുമുണ്ട്.ചർമബദ്ധമായ മുഖത്തോടുകൂടിയതും ഗോളാകൃതിയുള്ളതുമായ ഒരു വലിയ ചേമ്പ് കുടമാണ് മിഴാവ്.കൂടിയാട്ടത്തിന് പുറമെ ചാക്യാർക്കൂത്തിനും ഇതുപയോഗിക്കുന്നു.

ഐശ്വര്യ.M.രാജ്
9.A

നയന.സി
6.B



# സിംഹം പഴം തിന്നാതായ കഥ

പണ്ടു പണ്ട്   സിംഹങ്ങൾ പഴം തിന്നുമായിരുന്നു! ചെറിയ മരങ്ങൾ കണ്ടാൽ സിംഹങ്ങൾ ചെന്നു പഴങ്ങൾ കുലുക്കി വീഴ്ത്തും. എന്നിട്ട് മരത്തിനു ചുവട്ടിൽ വീണ കായ്കൾ ആർത്തിയോടെ തിന്നും . മറ്റു വല്ല മൃഗങ്ങൾ മരച്ചുവട്ടിൽ പഴം തിന്നുന്നുണ്ടെങ്കിൽ   സിംഹം വന്നാൽ പേടിച്ചു ഓടി കളയും . ഒരു ദിവസം ഒരു കുറുക്കൻ കാട്ടിലൂടെ പോകുമ്പോൾ അതാ വരുന്നു നല്ല സുഗന്ധം! മനം പിടിച്ച് ചെന്നപ്പോഴോ? ഒരു മര ചുവട്ടിൽ രുചിയേറിയ പഴങ്ങൾ ! അവൻ പഴം തിന്നാൻ തുടങ്ങിയപ്പോൾ ദൂരെ നിന്ന് സിംഹം വരുന്നത് കണ്ടു. സിംഹം വന്നാൽ തനിക്ക് പഴം കിട്ടില്ല ! കുറുക്കൻ ഓർത്തു. രുചിയേറിയ പഴങ്ങൾ സിംഹത്തിനു കൊടുക്കാതെ പറ്റിക്കണം. കുറുക്കൻ തല പുകഞ്ഞ് ആലോചന തുടങ്ങി . സിംഹവും മനം പിടിച്ച് മരച്ചുവട്ടിൽ എത്തി . നോക്കുമ്പോൾ ഒരു കുറുക്കൻ ആർത്തിയോടെ പഴം തിന്നുന്നു! അടുത്ത നിമിഷം കുറുക്കൻ വിറക്കാൻ  തുടങ്ങി. തന്നെ കണ്ടു പേടിച്ചിട്ടെന്നാണ് സിംഹം ആദ്യം കരുതിയത് . വൈയ്ക്കാതെ കുറുക്കൻ ബോധം അറ്റുവീണു . ഹൊ ! ഇതൊരു വിഷ പഴമാണെന്ന് തോന്നുന്നു . പാവം കുറുക്കൻ ചത്തുപോയി !സിംഹം വിചാരിച്ചു . പഴങ്ങൾ ഉപേക്ഷിച് സിംഹം വേഗം സ്ഥലം വിട്ടു .

അതോടെ കുറുക്കൻ ചാടിഎഴുന്നേറ്റ് ബാക്കി പഴങ്ങൾ കൂടി തിന്നു വയറു നിറച്ചു. മടങ്ങുമ്പോൾ കുറുക്കൻ കുറ്റി  കാട്ടിൽ ഒരു കുറുക്കന്റെ അസ്ഥികൂടം കണ്ടു . കുറുക്കൻ അതെടുത്തു ആ മര ചുവട്ടിൽ കൊണ്ട് വച്ചു. അങ്ങനെ ഒരു ദിവസം സിംഹം ആ വഴി വന്നു. മര ചുവട്ടിൽ അതാ കുറുക്കന്റെ അസ്ഥികൂടം ! കുറുക്കൻ പഴം തിന്ന് ചത്തു പോയത് സിംഹം കണ്ടതും ആണല്ലോ ! അങ്ങനെ സിംഹം ഒരു തീരുമാനം എടുത്തു . കായ്കളോ ,പഴമോ ഞാൻ കഴിക്കില്ല ! സിംഹങ്ങൾ പഴവും , കായ്കളും തീറ്റ നിർത്തിയതോടെ പാവപെട്ട മൃഗങ്ങൾക്ക് സന്തോഷമായി . അവർക്കിനി ധൈര്യമായി പഴങ്ങളും , കായ്കളും തിന്നാമല്ലോ !



നിവേദിത

7A



# എന്റെ ഗുരുനാഥൻ

എന്റെ ചേച്ചി ഒരു ദിവസം എന്നോട് പറഞ്ഞു.ഞാൻ നൃത്തം പഠിക്കാൻ പോവകയുകണ് നീ വരുന്നോ എന്ന് .ഞാൻ എന്റെ അച്ഛനോട് ചോദിച്ചു.ഞാനും നൃത്തം പഠിക്കാൻ പോകട്ടെ.അച്ഛൻ പോവാൻ സമ്മതം മൂളി അച്ഛൻ ഞങ്ങൾക്ക് ഗുരുവിന് ദക്ഷിണയായി വെറ്റിലയും,അടക്കയും ,നൂറുരൂപ നോട്ടും തന്നു. കുളമുക്ക് സ്കൂളിലായിരുന്നു ക്ലാസ് .അവിടെ ചെന്ന് ഗുരുവിന് ദക്ഷിണ കൊടുത്ത് പഠനം ആരംഭിച്ചു .അന്ന് ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്.

അങ്ങനെ രണ്ട് കൊല്ലത്തിന് ശേഷം മൂന്നാം വർഷം ഞാനും ചേച്ചിയും മറ്റുകുട്ടികളും ഗുരുവായൂർ അമ്പലത്തിൽ വച്ച് നൃത്ത അരങ്ങേറ്റം കഴിച്ചു.അതിനു ശേഷം കുളമുക്കിലെ ക്ലാസ്

പട്ടാമ്പിയിലേക്ക് മാറ്റി ഞങ്ങൾ അവിടെ പഠിക്കാൻ തുടങ്ങി ഞങ്ങൾ മൊത്തം ആറ് പേർ മാത്രം.

എന്റെ ടിച്ചറുടെ പേര് ഷൈനി എന്നാണ്.ടിച്ചർ നൃത്തം പഠിപ്പിച്ചുതരുന്നു.നൃത്തത്തിനൊപ്പം സംഗീതം ആവശ്യമാണ്.ടിച്ചറുടെ ഭർത്താവ് ജിതേഷ് മാഷ് ഞങ്ങൾക്ക് സംഗീതം കൂടിപഠിപ്പിക്കാൻതുടങ്ങി.പട്ടാമ്പിയിൽ ശനി ,ഞായർ ദിവസങ്ങളിലാണ് ക്ലാസ് .

മാഷും ടീച്ചറും എന്റെ ഏറ്റവും പ്രിയപ്പെട്ട അധ്യാപകരിൽ രണ്ടാളായിരുന്നു. എന്ത് സംഷയവും അപ്പോൾ തന്നെ ചോദിച്ചാൽ ഉത്തരം പറഞ്ഞ് തരുകയും അതിനോട് ബന്ധമുള്ള കാര്യങ്ങളും പറഞ്ഞു തന്നു തുടങ്ങി.

അങ്ങനെ എന്റെ ആദ്യ സംഷയം ഞാൻ അവരോടു ചോദിച്ചു.അടക്കയും ,വെറ്റിലയും ,ഒപ്പം പൈസയും ദക്ഷിണയായി കൊടുക്കുന്നതിന്റെ പൊരുൾ എന്താണ് ? മാഷ് പറഞ്ഞു തുടങ്ങി .അടക്കയും ,വെറ്റിലയും , പൈസയും വിദ്യാർത്തിയുടെ മനസായി സങ്കഷൽപ്പിക്കുന്നു.അത് ഗുരുവിന് നൽകി പാദം തൊട്ട് നമസ്കരിക്കുന്നു. വെറ്റിലയിൽ നിന്നൊരു നുള്ള് പറിച്ച് നമ്മുടെ നറുകയിൽ വെച്ച് കൊടുക്കും .അത് അറിവായി സങ്കൽപ്പിക്കുന്നു .മാഷും ടീച്ചറും ഞങ്ങൾക്ക് ന്രത്തം മാത്രമല്ല കുറേ കഥകളും രാമായണകഥകളുമെല്ലാം പറഞ്ഞു തരും.

അങ്ങനെ ഞാൻ അഞ്ചാം ക്ളാസിൽ എത്തി .സ്കൂളിൽ നിന്നും സബ് ജില്ലാ കലോത്സവത്തിൽ കളിക്കാൻ എനിക്ക് വർണം എന്ന നൃത്തം പഠിപ്പിച്ചു തന്നു.രണ്ട് മാസം കൊണ്ടാണ് ഞാനാനൃത്തം പഠിച്ചത്.ടീച്ചറുടെ ആക്ജ്ഞ പ്രകാരം ഞാൻ രാവിലേയും വൈകുന്നേരവും പത്ത് പ്രാവശ്യം പ്രാക്റ്റീസ് ചെയ്യാൻ തുടങ്ങി.

അങ്ങനെ കലോത്സവ ദിവസം അടുത്തു .ഞാനും എന്റെ ചേച്ചിയും യു.പി  വിഭാഗം ഒരുമിച്ചായിരുന്നു. ടീച്ചർക്ക് ദക്ഷിണ കൊടുത്ത് ഞങ്ങൾ രണ്ട് പേരും സ്റ്റേജിലേക്ക് പോയി. ആദ്യം ഞാൻ കളിച്ചു.ടീച്ചർക്ക് പേടിയുണ്ടായിരുന്നു. ബി ഗ്രേഡ് കിട്ടുമോ എന്ന്.പക്ഷെ ഞങ്ങൾക്ക് രണ്ടുപേർക്കും എ ഗ്രേഡാണ് കിട്ടിയത് .

അരങ്ങേറ്റം കഴിഞ്ഞ് ആദ്യകലോത്സവ വേദിയായിരുന്നു.

ഞങ്ങൾ കുറേ പ്രോഗ്രാമുകൾ ചെയ്തു .അമ്പലങ്ങളിലാണ് പ്രോഗ്രാമ്.മണിയമ്പത്തൂർ മൂന്ന് വർഷം തുടർച്ചയായി വിജയ ദശമി നാളിൽ ഞങ്ങൾ പ്രോഗ്രാം ചെയ്തു.പിന്നെ ഗുരുവായൂർ,മൂക്കാർത്തിക്കാവ് ,എന്നിങ്ങനെ കുറേയിടങ്ങളിൽ  അവിടുന്നെല്ലാം ഞങ്ങൾക്ക് സമ്മാനം കിട്ടി.കുച്ചു പുടി അരങ്ങേറ്റത്തിനു വേണ്ടിയാണ് എന്റെ ഇപ്പോഴത്തെ പഠനം .

ഇത്രയും പഠിപ്പിച്ചത് ഒരു നർത്തകി യാക്കിത്തന്ന എന്റെ ഒരു ഗുരു നാഥരെ ഞാൻ എന്നും സ്മരിക്കും

ഷിഫാ മറിയം

7.A



## ലക്ഷദ്വീപിലെ നാടോടിക്കഥകൾ-ഒരു ആസ്വാദനം

വലിയ വലിയ കഥകൊളളൊന്നുമല്ല,ചെറിയചെറിയ കുറ്റിച്ചെടികളെന്നപോലെയുള്ള അനേകം ചെറുകഥകളുടെ മഹാസാഗരമാണ് ഈ പുസ്തകം.ഡോ.എം.മുല്ലക്കോയയുടെ ഈ പുസ്തകത്തിലെ ഓരോ ചെറുകഥയും ഓരോ ഗുണപാഠങ്ങൾ അടങ്ങിയതാണ്. അറബിക്കടലിന്റെ തിളങ്ങുന്ന നീലിമകൾക്കിടയിൽ പൊങ്ങിക്കിടക്കുന്ന പവിഴ ദ്വീപുകളുടെ വർണ്ണപകിട്ടും അവിടുത്തെ നിഷ്കളങ്കരായ ആളുകളുടെ ഭാവനയുടെ ചാരുതയും അടയാളപ്പെടുത്തുന്ന കഥാമാലിക.ലക്ഷദ്വീപിലെ നാടോടി കഥകൾ ഒരേ സമയം കുട്ടികളോടും മുതിർന്നവരോടും ഹൃദയസ്പർശിയാം വിധം സംവദിക്കുന്നു.പ്രതിസന്ധിക്കൊക്കെയുമപ്പുറം പ്രകാശം പരത്തുന്ന കഥകളാണിതിലുള്ളത് .ഏതിരുട്ടിലും വെളിച്ചമായി ജ്വലിക്കാനും ഏതുകൊടും വേനലിലും കുളിർമയായി കോരിചൊരിയാനും കഴിയുന്ന ഈ കഥകളൊക്കെയും മനുഷ്യരെ കൂടുതൽ നല്ല മനുഷ്യരാക്കാനുള്ള മഹത്തായൊരു സാംസ്കാരിക പ്രവർത്തനത്തിന്റെ ചുരുക്കെഴുത്തുകൾ എന്ന നിലയിലാണ്


ശ്രദ്ധേയമാകുന്നത്.ഈ പുസ്തകത്തെ മൂന്ന് ഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്.ഭാഗം ഒന്ന് ലക്ഷദ്വീപിലെ രാകഥകൾ ,ഭാഗം രണ്ട് ലക്ഷദ്വീപിലെ നാടോടിക്കഥകൾ,ഭാഗം മൂന്ന് മുത്തും കുലയും ചൊരിഞ്ഞ കിളി.ഭാഗം രണ്ടിലെ ലക്ഷദ്വീപിലെ നാടോടികഥകൾ എന്നതിലെ ഒരുചെറുകഥയാണ് പാമ്പു രാജാവ്.അനേകം കഥകളടങ്ങിയിരിക്കുന്ന ഈ പുസ്തകത്തിലെ എനിക്കിഷ്ടപ്പെട്ട കഥകളിൽ ഒന്നാണ് ഇത്.'അസൂയ നന്നല്ല'എന്നതാണ് ഈ കഥയിലെ ഗുണപാഠം. മാതാപിതാക്കളെ അനുസരിച്ച ഒരു പാവം പെൺകുട്ടി പാമ്പുരാജാവിനെ വിവാഹം കഴിച്ച് കൊടുക്കണമെന്ന ആഗ്രഹത്തോടെ ഒരു മൂർഖൻ പാമ്പിനെ മകളെ കൊണ്ട് വിവാഹം കഴിപ്പിച്ചു.ഇതിന് പ്രതിഫലമായി മകളുടെ മരണമാണ് അവർക്ക് ലഭിച്ചത്.ഇതുപോലെയുള്ള രസകരമായ കഥകളടങ്ങിയിരിക്കുന്ന ഈ പുസ്തകം നാം ഓരോരുത്തരും വായിച്ചിരിക്കേണ്ടതാണ്.നമ്മുടെ ജീവിതത്തിൽ പകർത്തേണ്ടതാണ്.





അഭിരാമി-8.A

# ഒന്നാം സ്വാതന്ത്ര്യസമരം



1857 മെയ് 10 ന്ഉത്തർപ്രദേശിലെ മീററ്റിലാണ് ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടത്. ബ്രിട്ടീഷുകാർ ഇതിനെ ശിപായിലഹള എന്നു വിളിച്ചു. തിരകൾ പൊതിയാനുപയോഗിച്ച കടലാസ് പശുവിന്റെയും, പന്നിയുടെയും കൊഴുപ്പു പുരട്ടിയതാണെന്നു വാർത്ത പരന്നു. ഈ കടലാസ് കടിച്ചുകീറിയ ശേഷം വേണമായിരുന്നു തിര തോക്കിൽ നിറക്കാൻ ഇത്പട്ടാളക്കാരെ പ്രകോപിപ്പിച്ചു. മംഗൾപാണ്ഡെയുടെ നേതൃത്വത്തിൽ പട്ടാളക്കാർ പ്രതിഷേധിച്ചു. പാണ്ഡെ ഒരു ബ്രിട്ടീഷുകാരനെ വെടിവെച്ചു വീഴ്ത്തി. 1857 ഏപ്രിൽ 8 ന് പാണ്ഡെയെ തൂക്കിക്കൊന്നു.

നയന.സി



# ആരും ചെയ്യാത്ത കാര്യം

അറേബ്യയിലെ വ്യപരിയായാ അബ്ദുല്ല ഒരിക്കൽ 3 മക്കളെയും അടുത്ത് വിളിച്ച് പറഞ്ഞു : "എനിക്ക് പ്രായമായി സ്വത്തെല്ലാം നിങ്ങൾക്ക് വീതിക്കുകയാണ് ഇനിയെല്ലാം നിങ്ങൾ നോക്കി നടത്തണം മക്കൾ സന്തോഷത്തോടെ സമ്മതിച്ചു . ഒരു വർഷം കഴിഞ്ഞു . അബ്ദുല്ല രോഗിയായി അദ്ദേഹം മക്കളോട് പറഞ്ഞു : എന്റെ കയ്യിൽ ഇനി ആകെയൊരു അമൂല്യ രക്ത മോതിരമാണ് . നിങ്ങൾ ഒരാൾക്കിത് നല്കണമെന്നുണ്ട് . ഒരു കാര്യം ചെയ്യൂ കഴിഞ്ഞ ഒരു വർഷത്തിൽ നിങ്ങൾ ചെയ്ത ഒരു നല്ല കാര്യം പറയൂ ഇത് കേട്ടതും ഇളയ മകൻ സലിം  പറഞ്ഞു : "നമ്മുടെ അയൽക്കാരനായ ഹമീദ് യാത്ര പോയപ്പോൾ അയാളുടെ 3 പെട്ടി സ്വർണ്ണം എന്നിൽ വിശ്വസിച്ച ഏല്പിച്ചു . അദ്ദേഹം തിരിച്ച് വന്നപ്പോൾ ഞാനത് കൃത്യമായി മടക്കിക്കൊടുത്തു " . ശെരി നല്ല കാര്യം നൈറ്റ് സത്യാ സന്തത കൊള്ളാം . പക്ഷെ ഇത് ഏതൊരു മനുഷ്യനും ചെയ്യേണ്ട കാര്യമാണ് ഇതിൽ അസാധ്യമായ ഒന്നുമില്ല , അബ്ദുല്ല പറഞ്ഞു . ഉടൻ രണ്ടാമത്തെ മകൻ ഹമീദ് പറഞ്ഞു : കഴിഞ്ഞ മാസം ഞാൻ യാത്ര ചെയ്ത കപ്പൽ മുങ്ങി . ആ കപ്പലിലെ ഒരു കുട്ടിയെ

സാഹസികമായി രക്ഷിച്ച തീർച്ചയായും നല്ല കാര്യം തന്നെ . മനുഷ്യത്വമുള്ള ഏതൊരാളും ചെയ്യുന്നതാണ് . അതിൽ അസാധ്യമായ ഒന്നുമില്ല , അബ്ദുല്ല പറഞ്ഞു . ശെരി, നീ എന്താണ് ചെയ്തത് ? അബ്ദുല്ല മൂത്ത മകൻ അൻവറിനോട് ചോദിച്ച , പിതാവേ, വര്ഷങ്ങളായി കച്ചവടത്തിൽ നമ്മളോട് മത്സരിച്ചിരുന്ന , അകാരണമായി ശത്രുത കാണിച്ചിരുന്ന കാസിമിനെ കഴിഞ്ഞ ദിവസം ഞാൻ കണ്ടു . കൊള്ളക്കാരുടെ ആക്രമണത്തിൽ പരിക്കേറ്റ് വഴിയിൽ കിടക്കുകയായിരുന്ന അയാൾ . എങ്ങനെ കണ്ടെങ്കിലും സഹായം ചോദിക്കാൻ ആ സമയത്തും അയാളുടെ അഭിമാനം അനുവദിച്ചില്ല . പക്ഷെ, ഞാൻ അദ്ദേഹത്തെ കുതിര പുറത്ത് കയറ്റി .നമ്മുടെ വീട്ടിലെത്തിച്ച ശുശ്രൂഷ നൽകി . പരിക്ക് ബദ്ധമായപ്പോൾ കണ്ണുകൾ നിറഞ്ഞിരുന്ന ഇത് കേട്ട് അബ്ദുല്ല പറഞ്ഞു : ശത്രുവിന് അപകടം വരുമ്പോൾ സഹായിക്കാൻ അപൂർവ്വം ചിലർക്കേ കഴിയൂ . നീ അത് ചയ്തു ഈ രക്തന മോതിരം നിനക്കാണ് .





ഹിബാഷെറിൻ.M

9.A

# ക്രിസ്തുമസ്

ആനന്ദത്തിന്റേയും ആഹ്ലാദത്തിന്റേയും ദിനം

യേശുക്രിസ്തുവിന്റെ ജനനത്തെ അനുസ്മരിക്കുന്ന ക്രിസ്ത്തുമസ് എല്ലാവരും കൊണ്ടാടുന്ന മിക്ക രാജ്യങ്ങളിലും ഇത് ഒരു പൊതു ഒഴിവ് ദിവസമാണ് .നാലാം ശതകം മൂലമാണ് ക്രിസ്ത്തുമസ് പെരുന്നാളായി ആഘോഷിച്ച തുടങ്ങിയത് . എങ്കിലും അർമീനിയൻ സഭ ജനവരി 6 നാണ് ക്രിസ്ത്തുമസ് കൊണ്ടാടുന്നത്

ഡിസംബർ 24 അർദ്ധരാത്രി ക്രിസ്തുമത ദേവവാലയങ്ങളിൽ വിശ്വസിക്കാൻ ഒത്തുചേർന്ന .വൈദികൻ പുൽക്കുട്ടിലേക്ക് ഉണ്ണി യേശുവിന്റെ രൂപം കൊണ്ടുപോകുമ്പോൾ ദേവവാലയത്തിലെ മാണി മുഴങ്ങുന്ന ,ഗായക സംഘം ഗാനങ്ങൾ ആലപിക്കുകയും ജനങ്ങൾ ഉണ്ണിയേശുവിനെ കാഴ്ചകൾ ചെയ്യുന്ന

.പിന്നീട് ഉണ്ണിയേശുവിന്റെ പാദങ്ങളിൽ പുഷ്പാർച്ചന നടത്തുകയും വിശ്വാസികളും സുഹൃത്തുക്കളും സമ്മാനങ്ങൾ കൈമാറുകയും ചെയ്യുന്നു .

## ക്രിസ്തുമസ് കരോൾ


ഉണ്ണിയേശു ജനിച്ച രാത്രി സ്വർഗീയ സംഘം പാടിയ അത്യുന്നതങ്ങളിൽ ദെയ്‌വത്തിനു മഹത്വം ,ഭൂമിയിൽ ദേഹാവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം ' എന്ന സ്തുത്തുഗീതം ആദ്യത്തെ ക്രിസ്തുമസ് കരോൾ ആയി കരുതുന്നു .

## ക്രിസ്തുമസ് കാർഡ്

1843 ഇംഗ്ലണ്ട്ൽ ആണ് ആദ്യത്തെ ക്രിസ്തുമസ് കാർഡ് തയ്യാറാക്കിയത്.ജെസി പോഴ്സലി തന്റെ സുഹൃത്തായ സർ പെന്റെറി കോളനിയാക്കാൻ വേണ്ടിതയ്യാറാക്കിയതായിരുന്നു ആ കാർഡ്.

# സർഗ്ഗ വസന്തം

ജീവൻ
4.A





ഐശ്വര്യ .പി
9.A



# നല്ലവനായ മനുഷ്യൻ

കുറെ വർഷങ്ങൾക്കു മുൻപ്
ദേവപുരം എന്ന അതി സുന്ദരമായ ഒരു ഗ്രാമം
ഉണ്ടായിരുന്നു.ബ്രാഹ്മണരെക്കാട്ടിലും താഴ്ന്നവർ ആയിരുന്നുഅവിടെ
താമസിച്ചിരുന്നത്.അവിടേക്കാണ് കോയസ്സൻ എന്ന കീഴ്ക്കലവംശത്തിൽ
ഉൾപ്പെട്ട ഒരാൾ തന്റെ കുടുംബവുമായി വരുന്നത്.അവിടെ
ഉള്ളവർക്കൊന്നും ആ കുടുംബത്തെ ഇഷ്ടമില്ലായിരുന്നു.കോയസ്സനും
ഭാര്യയും രണ്ടു മക്കളും ഉൾപെടുന്നതായിരുന്നു ആ കുടുംബം.ഒരു ചെറിയ
ഓല പുരയിലാണ് അവർ താമസിച്ചിരുന്നത്.അവിടെ ഒരു ചെറിയ
കിണറും ഉണ്ടായിരുന്നു.

ഒരു വേനൽ കാലം.നിരത്തുകൾ എല്ലാം ചുട്ടു പൊള്ളുന്ന സമയം.കിണറുകളിലെ വെള്ളം എല്ലാം വറ്റി തുടങ്ങി.നാല്ക്കാലികൾ ചത്ത് തുടങ്ങി.വെള്ളത്തിനായി മനുഷ്യർ പരസ്പരം തല്ലുകൂടാൻ തുടങ്ങി.അപ്പോഴാണ് എല്ലാവരും ഒരു കാര്യം ശ്രദ്ദിക്കുന്നത്.ഇത്രമാത്രവും വരൾച്ചയുണ്ടായിട്ടും നാല്ക്കാലികൾ ചത്ത് തുടങ്ങിയിട്ടും കോയസ്സന്റെ കിണർ വറ്റിയിരുന്നില്ല.നാട്ടുകാർ കുടങ്ങളും മറ്റും എടുത്ത് കോയസ്സന്റെ വീട്ടിലേക്കു പോയി.


അവനെ കാണുമ്പോൾ മുഖം തിരിക്കുകയും തുപ്പുകയും ചെയ്തിരുന്നവർ അവനോട് അപേക്ഷിച്ചു.എന്നാൽ തന്നോട് ഇത്രയേറെ അകൽച്ച കാണിച്ച ജനത്തെ സഹായിക്കണോ എന്ന് പോലും ചോദിക്കാതെ ആ കിണർ മുഴുവൻ വറ്റിച്ചാലും തനിക്ക് ഒരു കുഴപ്പവും ഇല്ലെന്ന് പറഞ്ഞു.നാട്ടുകാർ ദാഹം മാറ്റി.കുട്ടികൾക്കെല്ലാം വെള്ള കൊടുത്തു.പിന്നീട് കോയസ്സനെ ആരുമകറ്റിയില്ല. ആക്ഷേപിച്ചില്ല എല്ലാവരും കൂടി കോയസ്സനെ നല്ല മനുഷ്യൻ എന്നു വിളിച്ചു.

ഫാത്തിമ ജസ്‌ലി.എം
9A



# ജ്ഞാനത്തിന്റെ പ്രതീകം

പുരാതന ഗ്രീക്ക് കാർ ജ്ഞാനത്തിന്റെ പ്രതീകം ആയി കരുതിയിരുന്ന പക്ഷിയാണ് മൂങ്ങ . മാക്ബത്തിൽ ഷേക്സ്പിയർ മരണത്തിന്റെ പ്രതീകം ആയി ചിത്രീകരിച്ചിരിക്കുന്ന പക്ഷിയും ഇത് തന്നെ .ഒരുപാട് വിശേഷണങ്ങൾ അർഹിക്കുന്ന പക്ഷിയാണ് മൂങ്ങ . മൂങ്ങയുടെമുഖം മനുഷ്യ മുഖം പോലെ അൽപ്പം പറന്നതാണ് . മനുഷ്യനെ പോലെ മൂങ്ങയ്ക്കും വസ്തുക്കളെ ഒരേ സമയം രണ്ടുകണ്ണ് കൊണ്ട് കാണാൻ കഴിയും . പക്ഷെ മൂങ്ങയുടെ മിഴികൾ നിശ്ചലം ആണ് .അത് കൊണ്ട് ഇരുന്ന ഇരുപ്പിൽ തന്നെ ദേഹം അനക്കാതെ തല മാത്രം തിരിച് മൂങ്ങ ദിക്കുകൾ മാറി മാറി നോക്കുന്നു .സൂര്യ വെളിച്ചത്തിലും മൂങ്ങകൾക് കാഴ്ച ശക്തിയുണ്ട്. എന്നാൽ ദൃശ്യങ്ങൾ മങ്ങിയിരിക്കുന്നു എന്ന് മാത്രം . അതേ സമയം ഇവരുടെ രാത്രിയിലെ കാഴ്ച്ച നമ്മുടേതിന്റെ നൂറിരട്ടിയാണ് . രാത്രിയിൽ കാണാൻ സഹായിക്കുന്ന റോഡ് കോശങ്ങൾ മൂങ്ങയുടെ കണ്ണിൽ ധാരാളം ഉള്ളതുകൊണ്ടാണ് ഇങ്ങനെ . എന്നാൽ ഇത്തിരി വെളിച്ചം പോലും ഇല്ലാത്ത കൂരിരുട്ടിൽ മൂങ്ങകൾക്കും കാഴ്ച ശക്തിയില്ല . രാത്രി ഇരപിടിക്കാൻ മികച്ച കാഴ്ച ശക്തി മൂങ്ങകൾക് അനുഗ്രഹം ആണ് . എല്ലാ മൂങ്ങകളും രാത്രിയിലേ ഇരപിടിക്കു എന്നില്ല . അമേരിക്കയിലും കാനഡയിലും ജീവിക്കുന്ന ഒരു ഇനം പരുന്ത് മൂങ്ങയും ,ചൈനയിലെ തവിട്പരുന്തമൂങ്ങയും തവിട്ടുപരുന്തുമൂങ്ങയും പകലാണ് ഇര തേടുന്നത് . എലികളെ ഭക്ഷിച്ച ധാന്യ ശേഖരം സംരക്ഷിക്കുന്ന പക്ഷി എന്ന അർത്ഥത്തിൽ പത്തായ പക്ഷിയെന്ന് വിളിക്കുന്നത് കലാപുരമൂങ്ങയെയാണ് . നമ്മുടെ കൊച്ചുകേരളത്തിൽ 15 ജാതി മൂങ്ങകളെ തിരിച്ചറിഞ്ഞിട്ടുണ്ട് .



നന്ദുകൃഷ്ണൻ
8.B




# പെരിസ്ക്കോപ്പ്

ചിത്രത്തിൽ കാണുന്നത് പോലെ കാർഡ്ബോർഡ് ക്രമീകരിച്ച അതിനുള്ളിൽ രണ്ട സമതല ദർപ്പണങ്ങൾ ഉറപ്പിക്കു. ഇതാണ് പെരിസ്കോപ്പ്. ഉപകരണത്തിന്റെ ഉപയോഗം എന്താണെന്ന് അറിയുമോ നിങ്ങൾക്ക്. നിർമ്മിച്ച ഉപകരണത്തിൽ താഴെ ഉള്ള ജോയിന്റിന്റെ സ്ഥാനത് സുഗമമായി തിരിയാൻ വേണ്ടി സൗകര്യം ഒരുക്കുക. ചുറ്റിലുമുള്ള കാഴ്ച്ചകൾ കാണാൻ ഈ പെരിസ്കോപ്പ് ഉപയോഗിക്കാമല്ലോ



# സർഗ്ഗ വസന്തം

ജീവൻ
4.A



നിഷാന്ത്.എൻ.പി

5.A



# ഒരു ഗ്രാമത്തിന്റെ കഥ

കെ.കെ പല്ലാശ്ശനായരുടെ "ഒരുഗ്രാമത്തിന്റെ കഥ"എന്ന നോവലാണ് ഞാൻ വായിക്കാനിടയായത്.പിറന്ന നാടിനെ അടുത്തറിയാൻ ശ്രമിച്ച ഒരു സംഗം കുട്ടികളുടെ യാത്രാനുഭവങ്ങളുടെ ഹൃദ്യമായ കഥാവിഷ്ക്കരമാണിത്.അഞ്ചുകുട്ടികളടങ്ങുന്ന ഒരു സംഘമാണിത് ഐവർസംഘം എന്ന ഇവരുടെ നാട്ടിൽ അറിയപ്പെടുന്നു.അനശ്വര,അനിത,അഞ്ജലി,അരവിന്ദൻ,അനു പ്രസാദ് എന്നിവരാണീ ഐവർ സംഘം.വേനലവധിക്കാലം എങ്ങനെ ഫലപ്രദമാക്കാം എന്നതിന് ഗ്രാമം മുഴുവൻ സഞ്ചരിച്ച വേനലവധിക്കാലം അടിപൊളിയാക്കാൻ ഇവർ തീരുമാനിച്ചു.ഇവരുടെ കൂടെ ഗ്രാമത്തെ അറിയാൻ ഒരു നാട്ടു വൈദ്യനും ഉണ്ടായിരുന്നു.മാവേലിമുത്തൻ എന്നാണ് ഗ്രാമവാസികൾ ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.വ്യാഴ വട്ടത്തിനു മുമ്പ് ഓണക്കാലത്ത് ഗ്രാമത്തിലെത്തി അദ്ദേഹത്തെ "മാവേലിമുത്തൻ"എന്നാണ് ആരോ ഒരാൾ വിശേഷിപ്പിച്ചത്.അതുപിന്നെ എല്ലാവരും ഏറ്റു പറയുകയും ചെയ്തു.

ആ ഗ്രാമത്തിന്റെ ഭൂപ്രകൃതി,ചരിത്രം,നാട്ടുനടപ്പുകൾ,പാരമ്പര്യം എന്നിവയെ കുറിച്ച അറിയാൻ വേണ്ടിയാണ് കുട്ടികൾ ഇങ്ങനെ ഒരു യാത്ര നടത്താൻ തീരുമാനിച്ചത്.

ഈ യാത്രയിൽ അവർ ഒരുപാട് കാര്യങ്ങൾ മനസിലാക്കുകയും പഠിക്കുകയും ചെയ്തു.ഇത് പോലുള്ള നാട്ടിൻ പുറങ്ങളിലേക്കുള്ള യാത്ര പോയാൽ നമുക്കും ഒരുപാട് പഠിക്കുവാനും മനസിലാക്കുവാനും ഇത് പോലുള്ള യാത്രകൾ പോകണമെന്നാണ് എന്റെ ആഗ്രഹം.



# സർഗ്ഗ വസന്തം

ദിൽഷ.
10.A



അനീസ T P
*IX-A*



# താങ്ങാൻ ആളുണ്ടെങ്കിൽ തളർച്ചയുമുണ്ടാവും...

അമ്മയുടെയും അച്ഛന്റെയും ഇളയമകളാണ് ചിന്നു.ചിന്നൂന്നാ വിളിക്കുക. അവളുടെ ശരിക്കുള്ള പേര് ഐശ്വര്യന്നാണ്. അവളെ സ്കൂളിൽ വിളിക്കുന്നത് ഐഷൂന്നാണ്. ചേച്ചിയുടെ പേര് പ്രിയ എന്നാണ്. അവളുടെ വിളിപ്പേര് ലച്ചൂന്നാണ്. നമ്മടെ ഭാഷയിലൊക്കെ പറഞ്ഞാ പഠൂ....................... സ്കൂളിൽ ലീഡർ ആണ്. ചിന്നു ഭയങ്കര വാശിക്കാരിയാണ്. ഇളയമകളായ കാരണം എല്ലാതും ചെയ്തു കൊടുക്കുന്നത് അമ്മയാണ്. അച്ഛൻ എന്തും വാങ്ങിക്കൊടുക്കും. ലച്ചുവും അമ്മമ്മയും എപ്പോഴും പറയും, ഇങ്ങനെയായാൽ അവൾ ഭയങ്കര



മടിച്ചിയാവും.ഇപ്പതന്നെ ഭയങ്കര വാശിക്കാരിയാ.. പെൺമക്കളായാ അവരെ കൊണ്ട് ചെറിയ കാര്യങ്ങളെങ്കിലും ചെയ്യിപ്പിക്കണം.അപ്പോൾ അവളുടെ അമ്മ പറയും അവള് ചെറിയ കുട്ട്യല്ലേന്ന്.എണീക്കുക തന്നെ എട്ട് മണിക്കാ. അങ്ങനെ ഒരു ദിവസം അവളുടെ അമ്മയ്ക്ക് അസുഖം വന്നു. അച്ഛനാണെങ്കിൽ എങ്ങോട്ടോ പോയിരിക്കുന്നു.അവൾ ചേച്ചിയോട് പറഞ്ഞു.ചേച്ചി എനിക്കൊന്ന് യൂണിഫോം തേച്ചുതാ, ലച്ചു പറഞ്ഞു.അത് വേണമെങ്കിൽ നീ ചെയ്തോ,ഭക്ഷണം വേണമെങ്കിൽ ഞാൻ ഉണ്ടാക്കിതരാം.അവൾ മടി കാരണം തേയ്ക്കാതെ പോയി. അങ്ങനെ സ്കൂളിൽ എത്തിയപ്പോൾ കുട്ടികൾ അവളെ കളിയാക്കി അവര് പറഞ്ഞു ഒട്ടും വൃത്തിയില്ലാന്ന് . അപ്പോൾ അവൾ കരഞ്ഞു.വീട്ടിൽ വന്ന് അവൾ ദേഷ്യം കാരണം എല്ലാം തല്ലിപ്പൊട്ടിച്ചു. പിറ്റേ ദിവസം അവൾ യൂണിഫോം തേച്ചു , നല്ല വൃത്തിയിൽ മുടി ചീകിപോയി. ലച്ചു പറഞ്ഞു: ഇന്നലെ എല്ലാം തല്ലി പൊട്ടിച്ചില്ലേ ?

അത് വൃത്തിയാക്കി പോയാമതി. അവൾക്ക് ദേഷ്യം ഉണ്ടെങ്കിലും അവൾ വൃത്തിയാക്കിപ്പോയി.

അപ്പോൾ അവളുടെ അമ്മമ്മ ചിരിച്ചു കൊണ്ട് പറഞ്ഞു:

താങ്ങാൻ ആളുണ്ടെങ്കിൽ തളർച്ചയും ഉണ്ടാവും.



ജിഷ്ണ .എ.പി.
8B



# പാലമരത്തിൻ ചുവട്ടിലെ യക്ഷി

അന്ന് അർദ്ധരാത്രി പാലപൂക്കുന്ന മണം അറിഞ്ഞ് ഞാൻ ജനൽ പാളികൾ തുറന്ന് പാലമരത്തിന്റെ ചുവട്ടിലേക്ക് ഞാൻ ഉറ്റുനോക്കി. അപ്പോഴാണ് ആ വിസ്മയിപ്പിക്കുന്ന കാഴ്ച്ച ഞാൻ കണ്ടത് പാലമരത്തിന്റെ ചുവട്ടിൽ ഒരു സ്ത്രി ഇരുന്ന് പാലപ്പൂക്കൾ വാരിയെടുത്ത് എറിയുന്നു. അവൾ വളരെ സന്തോഷവതിയാണ് ,എന്തിനാണവൾ അങ്ങനെ ചെയ്യുന്നത് .ഈ അർദ്ധരാത്രിയിൽ അവൾ എന്താപാലമരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് എന്നിൽ സംശയത്തിന്റെ മുറിവുണ്ടായി.അന്നു രാത്രി എനിക്കു ഉറങ്ങാൻസാധിച്ചില്ല. എനിക്കു അതാരാണെന്നറിയാതെ ഇനി ഉറക്കം വരില്ല.ഞാൻ കട്ടിലിൽ നിന്നു ചാടി എണീറ്റു പതിയെ ഞാൻ താഴെ വീണു.എന്റെ കയ്യിൽ മുറിവുണ്ടായി ഞാൻ ഓടുന്തോറും എന്റ കയ്യിലെ മുറിവിൽ നിന്ന് രക്തം വാർന്നു കൊണ്ടിരുന്നു.അവസാനം ഞാൻ പാലമരത്തിൻ ചുവട്ടിൽ എത്തി. രക്തപ്രവാഹം തുടർന്നുകൊണ്ടേ ഇരുന്നു.പക്ഷേ ഞാൻ അവിടെ എത്തിയപ്പോഴേയ്ക്കും ,ഞാൻ കുറച്ചു മുമ്പ് കണ്ട ആ സ്ത്രീ അവിടെ ഉണ്ടായിരുന്നില്ല.പിന്നെയും എന്നിൽ സംശയത്തിന്റെ മുറിവ് ഉണ്ടായി തുടങ്ങി.പിറ്റേന്നു രാവിലെ ഞാൻ അമ്മയോടുപറഞ്ഞു.

കഴിഞ്ഞ ദിവസം നടന്ന കാര്യങ്ങൾ എല്ലാം അമ്മയിലും സംശയത്തിന്റെ മുറിവുണ്ടായി.പറഞ്ഞതു പോലെ എന്തെങ്കിലും ഉണ്ടായിട്ടുണ്ടാകുമോ?അമ്മ പരിഭ്രമിക്കപ്പെട്ടു.അമ്മ വിചാരിച്ചു ,അപ്പോ ഈ പാലയാണ് പ്രശ്നം.ഇന്നു തന്നെ ആ പാല വെട്ടി കളയാം.അമ്മ ആ പാല വെട്ടുന്നതിനിടക്ക് അതിന്റെ ചുവട്ടിൽ രക്തം കണ്ടു.അമ്മ ആ രക്തത്തിലേക്കു ഉറ്റു നോക്കി,അത് വലിയ കാര്യമായി അമ്മ എടുത്തില്ല.അമ്മ വീണ്ടും ആ പാല വെട്ടി തുടങ്ങി.അങ്ങനെ ആ പാല മുഴുവൻ വെട്ടി തീർന്നു.ഞാൻ പറഞ്ഞു,എന്തിനാ അമ്മേ ആ പാല വെട്ടിയത്,അതവിടെ വേണ്ട മോനെ എന്ന് അമ്മ പറഞ്ഞു.അന്നു രാത്രി ഞാൻ പിന്നെയും പാല മരം സ്ഥതി ചെയ്യുന്ന ആ സ്ഥലത്തേക്കു വീണ്ടും നോക്കി,അമ്മ വെട്ടി മാറ്റിയ ആ പാല ഇതാ പൂത്തു നിൽക്കുന്നു.എന്തു അതിശയമാണിത് ഇതമ്മ മുറിച്ചു മാറ്റിയതല്ലെ, പിന്നെ എങ്ങനെ അതവിടെ വന്നു?പിന്നെയും ഞാൻ സംശയിച്ചു.പിന്നെയാണ് ഞാനാസത്യം അറിഞ്ഞത്. ആ പാലമരത്തിൻ ചുവട്ടിലുണ്ടായിരുന്നത് വെറുമൊരു സ്ത്രീയല്ല അതൊരു യക്ഷിയായിരുന്നുവെന്ന്.

ഷിഫാ.ടി.പി.

9.A



# സഹോദരി മാപ്പ്

സെമി...............

നിന്റെ കുടയിൽ എന്നെയും കൂട്ടാമോ?...... സാലിയുടെ വിളികേട്ട് സെമി തിരിഞ്ഞു നോക്കി. സാലി മഴയും കൊണ്ട് നനഞ്ഞൊലിച്ചാണ് വരുന്നത്. അവളുടെ മുഷിഞ്ഞ ഡ്രസ്സ് ഒന്നുകൂടി മുഷിഞ്ഞിരിന്നു.അറപ്പാണ് തോന്നിയത് സെമി വേഗത്തിൽ അവളെ നോക്കാതെ തിരിഞ്ഞു നടന്നു.

പാവം സാലി അവൾ നനഞ്ഞ് കുതിർന്ന് മഴയത്ത് നടന്നു.വൈകുന്നേരം വിട്ടിലെത്തിയ സെമിക്ക് തോന്നി അവളെക്കൂടി കയറ്റമായിരുന്നു കുടയിൽ.നന്നായി പഠിക്കുന്നതിന്റെ ഒരു അഹങ്കാരവുമില്ല.പാവം... സെമി മനസ്സിൽ കരുതി പിറ്റേന്ന് സ്കൂളിൽ വന്നപ്പോൾ സെമി സാലിയുടെ സീറ്റിലോക്ക് നോക്കി അപ്പോൾ സാലി ഇന്ന് വന്നിട്ടില്ല. പിന്നിടുള്ള രണ്ട് ദിവസങ്ങളിലും ഇതു തന്നെ ആവർത്തിച്ചു.അന്വേഷിച്ചപ്പോൾ അവൾക്ക്പനിയാണെന്ന് മനസ്സിലായി.വല്ലാത്ത മനപ്രയാസം കൊണ്ട് സെമി അന്നുതന്നെ സാലിയുടെ വിട്ടിലോക്ക് പോയി.എന്നാൽ കുടയിൽ കയറ്റത്തതിന്റെ ദേഷ്യമോ,വെറുപ്പോ ഒന്നുംതന്നെ അവളിൽ ഉണ്ടായിരുന്നില്ല.ദിവസങ്ങൾ കഴിഞ്ഞു.അന്ന് രാവിലെ ഫോണിന്റെ ശബ്ദം കേട്ടാണ് സെമി ഉണർന്നത്.ഫോൺ എടുത്തപ്പോൾ റസിയയായിരുന്നു.ഒരു തോങ്ങലോടെ അവൾ പറഞ്ഞു.....ടാ.....നമ്മുടെ....സാലി...പോയി....


സെമിയുടെ കയ്യിൽ നിന്നും ഫോൺ താഴെ വിണു.അവൾ ഓർക്കുകയാണ് അവളുടെ കൂട്ടുകാരിയെ പറ്റി..... അന്ന് മഴയത്ത് നടന്ന കാര്യങ്ങൾ അവളുടെ മനസ്സിൽ അലയടിച്ചു.

നാഥാ...എന്തൊരു പാപമാണ് ഞാൻ ചെയ്തത്.ഞാൻ കാരണമല്ലെ എന്റെ കുട്ടുകാരി .........

പ്രിയപ്പെട്ട സാലി....എന്നോട് ക്ഷമിക്കു.......

പശ്ചാതാപം കൊണ്ടവൾ പൊട്ടികരഞ്ഞു.

"നമ്മുടെ ചില കുസൃതിയിലും വാശിയിലും മറ്റൊരു ജീവനെ വേദനിപ്പിക്കുന്ന ഒന്നും തന്നെ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക ചില സമയത്തെ നമ്മുടെ വാശി,മറ്റൊരു ജീവന്റെ അവസാനത്തിനു കാരണമായേക്കാം"



# സർഗ്ഗ വസന്തം

ദിൽഷ.കെ
10.A



നജാദ്
9.A



# ഭക്ഷ്യസുരക്ഷാ

1945 ഒക്ടോബർ 16 ആണ് ലോക ഭക്ഷ്യ കാർഷിക സംഘടന (food and agricultural organization - FAO )രൂപം കൊണ്ടത് ഈ ദിവസത്തിന്റെ ഓർമ്മക്കാണ്.ഒക്ടോബർ 16 ലോക ഭക്ഷ്യദിനമായി ആചരിക്കുന്നത്.ആര്ഭാടത്തിന്റെ പേരിൽ ഭക്ഷണം പാഴാക്കി കളയുന്ന പ്രവണതകൾക്കെതിരെ വിരൽ ചൂണ്ടാനുള്ള അവസരം കൂടിയാകണം.ലോക ഭക്ഷ്യ ദിനാചരണം.ഈ ദിനം ആചരിക്കുമ്പോൾ അവി കാസിത - വികസ്വര രാജ്യങ്ങളിലെ ഒരു നേരത്തെ ആഹാരത്തിന് പോലും വകയില്ലാത്ത (ഉദാ:സൊമാലിയ,ഉഗാണ്ട)ജനതയെയും കുട്ടികളെയും നാം മറക്കരുത്.

വിശപ്പില്ലാത്ത ഒരു ലോകമാണ് ഐക്യരാഷ്ട്ര സംഘടനയുടെ അനുബന്ധ ഏജൻസിയായ ഭക്ഷ്യ കാർഷിക സങ്കടനയുട ലക്ഷ്യം.വികസ്വര -അവികസിത രാജ്യങ്ങൾ കടുത്ത വെല്ലുവിളിയാണ് സുരക്ഷയുടെ കാര്യത്തിൽ നേരിട്ടുകൊണ്ടിരിക്കുന്നത്.ഭക്ഷ്യ സുരക്ഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആവിശ്യത്തിന് ഭക്ഷ്യവസ്തുക്കൾ ഉണ്ടായിരിക്കുകയും  അവ യഥേഷ്ടം ലഭ്യമാക്കുകയും ആവിശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുകയും ചയ്യുക എന്നതാണ്.

മുഹമ്മദ് നിയാസ്.പി.പി
9.A



# രാത്രിയുടെ കാണാക്കയങ്ങളിലൂടെ

അന്ന് ഫെബ്രുവരി 30. ഞാൻ ഒരു യാത്ര പോയി ഒരിക്കലും അവസാനിക്കാത്ത ഒരു യാത്ര. കൺ കുളിർക്കെ ഞാൻ കണ്ടു ആ തേജസൂര്യനെ , ഇമവെട്ടാതെ ഞാൻ നോക്കിനിന്നു. തിളങ്ങുന്ന നക്ഷത്രങ്ങളെ, തെല്ല നാണത്തോടെ അവ എന്നെ നോക്കി പുഞ്ചിരിച്ചപ്പോൾ ഞാൻ കൈയ്യുയർത്തിപ്പിടിക്കാൻ ശ്രമിച്ചു. കഴിഞ്ഞില്ല. കുറച്ചുദൂരം നടന്നു കൂടി നടന്നു .ഞാൻ ഓരോ അടി നടക്കുമ്പോഴും എന്റെ കൂടെ അയാളുണ്ടായിരുന്നു .മറ്റാരുമല്ല ചന്ദ്രൻ അയാലെ നോക്കി ഞാൻ പറഞ്ഞു . "നമ്മള് കാണാൻ തുടങ്ങിട്ട് ഇന്നത്തേക്ക് പതിമൂന്ന് വർഷവും പതിനൊന്ന് മാസവും മുപ്പൊത്തൊന്ന് ദിവസവുമായി എന്നിട്ട്

എനിക്കൊന്ന് തൊട്ട് നോക്കാൻ പോലും കഴിഞ്ഞില്ല"

എന്റെ മുഖത്തെ  വിശാദ ഭാവം ചന്ദ്രന് സഹിച്ചില്ല. ചന്ദ്രൻ പറഞ്ഞു ഇത് അതിമോഹമാണ്.

എന്നും നീയെന്നെ കാണുന്നല്ലേ.പാട്ടലൂടേയും കഥകളിലൂടേയും പ്രത്യേകിച്ച് സ്വപ്നത്തിലൂടേയും ഞാൻ നിന്റെ അടുത്ത് വരാറില്ലേ . അത്കൊണ്ട് തൃപ്തിപ്പെടുക. ചന്ദ്രന്റെ ആ മറുപടി  എനിക്ക്  ആശ്വാസം മേകി ഞാൻ ഉറക്കെ പാടി

“ അമ്പിളി അമ്മാവാ

താമരക്കുമ്പിളിലെന്തുണ്ട്....................................”

പാടിത്തീർന്നതും  ഒരൊച്ചകേട്ട്  ഞാനുണർന്നു.  മിണ്ടാതെ കിടക്കവിടെ . കൊതുക് കടി  കാരണം അല്ലെങ്കിത്തന്നെ കണ്ണടച്ചിട്ടില്ല. അതിന്റെയൊപ്പം ഒപ്പം ഒരു പാട്ടും. ഞാൻ പറഞ്ഞു.

“അമ്മേ പാടുന്നവരെ പ്രോത്സാഹിപ്പിക്കുക"

അതായത് Every dog has a day

റാഷിദാ തസ്ലി

8.B



# ചൗരീചൗരാ സംഭവം

ഉത്തർപ്രദേശിലെ ചൗരീചൗരാഗ്രാമത്തിൽ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഫെബ്രുവരി ന് ജാഥ നടത്തിയവർക്കുനേരെ പൊലീസ് വെടിയുതിർത്തു. കുപിതരായ ജനക്കൂട്ടം പൊലീസ് സ്റ്റേഷനു തീയിട്ടു. പൊലീസുകാർ വെന്തു മരിച്ചു. ദുഃഖിതനായ ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെച്ചു.

# നിസ്സഹകരണ പ്രസ്ഥാനം

1920 ഡിസംബറിൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം നിസ്സഹകരണ പ്രമേയം പാസാക്കി.
വിദേശവസ്തുബഹിഷ്കരണം, ബ്രിട്ടൻ നൽകിയ ബഹുമതികളും സ്ഥാനങ്ങളും ഉപേക്ഷിക്കുക, നികുതി അടക്കാതിരിക്കുക തുടങ്ങിയവയായിരുന്നു സമരമാർഗങ്ങൾ .

# സർഗ്ഗ വസന്തം

ദേവൻ മാഷ്



മുഹമ്മദ് ആഷിക്ക്
9.A



# നാലുകെട്ട്-ഹൃദയഹാരിയായ കഥ

മലയാളത്തിലെ ഏറ്റവും ഉന്നതരായ സാഹിത്യകാരന്മാരിൽ ഒരാളാണ് എം ടി വാസുദേവൻ നായർ . കാലം ,മഞ്ഞ്, രണ്ടാംമുഴം, നാലുകെട്ട്,വാനപ്രസ്ഥം,അസുരവിത്ത്,വിലാപയാത്ര,കാഥികന്റെ കല കാഥികന്റെപണിപ്പുര, നിന്റെ ഓർമ്മക്ക്, കിളിവാതിലിലൂടെ തുടങ്ങി നിരവധി കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. മലയാളകഥാസാഹിത്യരംഗത്ത് തനതായ ഒരു മാർഗം ആവിഷ്കരിച്ച എം.ടിയുടെ രചനകൾ സാമൂഹിക ബന്ധങ്ങളിലെ പൊരുത്തക്കേടുകളും തകർച്ചകളും ചിത്രീകരിക്കുന്നവയാണ്. 1996 ലെ ജ്ഞാനപീഠപുരസ്കാരം മുതൽ കേരളസാഹിത്യ അക്കാദമി, കേന്ദ്രസാഹിത്യ അക്കാദമി,വയലാർ അവാർഡ് തുടങ്ങി അത്യുന്നതങ്ങളായ നിരവധി ബഹുമതികൾ അദ്ദേഹത്തെത്തേടിയെത്തി.

താൻ ജനിച്ചുവളർന്ന പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ നിന്നുകൊണ്ട് അവിടുത്തെ ഗ്രാമീണ ചൈതന്യത്തെയും, ഗ്രാമീണാന്തരീക്ഷത്തിലെ കഥാപാത്രങ്ങളേയും തന്റെ തന്നെ ജീവിതാനുഭവങ്ങളേയും കോർത്തിണക്കി

സുന്ദരമായ ഒരു കവിതയുടെ ചാരുതയോടെ അപ്പുണ്ണിയുടെ കഥപറയുകയാണ് എംടി നാലുകെട്ട് എന്ന നോവലിൽ.

വളരണം, വളർന്ന് വലിയ ആളാകണം, കൈകൾക്ക് നല്ല കരുത്തുണ്ടാകണം.... എന്നത് അപ്പുണ്ണിയുടെ സ്വപ്നമാണ്. ആ കരുത്ത് സെയ്താലിക്കുട്ടിയെ കൊല്ലാനാണ്. തന്റെ അച്ഛൻ കോന്തുണ്ണിനായരുടെ മരണത്തിന് ഹേതുവായ സെയ്താലിക്കുട്ടിയാണ് അപ്പുണ്ണിയുടെ ശത്രു. പിന്നീട് നാലുകെട്ടിലെ ജീവിതത്തിന്റെ ഒറ്റപ്പെടലിൽ നിന്ന് അപ്പുണ്ണിക്ക് അഭയമാകുന്നതും അതേ സെയ്താലിക്കുട്ടിതന്നെയാണ്. മനുഷ്യാവസ്ഥയുടെ സങ്കീർണതകൾ ആയാസരഹിതമായി അനാവരണം ചെയ്യുകയാണ് എംടി ഇവിടെ

അപ്പുണ്ണി ഏകനാണ്. അവന്റെ ഏക ആശ്രയം അമ്മയാണ്. പക്ഷേ സ്നേഹനിധിയായ അമ്മയിൽനിന്നും താൻ ഒറ്റപ്പെടുന്നുവോ എന്ന ചിന്ത അവനെ എപ്പോഴും വിവശനാക്കുന്നു. രാഘവൻനായർ അമ്മയോട് കാണിക്കുന്ന അമിതസ്വാതന്ത്ര്യം അവന്റെ മനസിനെ അലട്ടുന്നുണ്ട്. എല്ലാം തകർന്ന ഒരു മാനസികാവസ്ഥയിൽ അപ്പുണ്ണി ഒരു ജോലിതേടി നാടുവിടുകയാണ്. തിരിച്ചെത്തുമ്പോൾ വലിയമ്മാവനോടും മറ്റുമുള്ള പ്രതികാരത്തിന്റെ തീ എരിഞ്ഞടങ്ങുമ്പോൾ അമ്മയേയും രാഗവൻനായരെയും ഒന്നിച്ചുകൂട്ടി അതേ നാലുകെട്ടിലേക്ക് വന്നെത്തുകയാണ് അപ്പുണ്ണി. സ്നേഹം പകർന്നുതരുന്ന മറ്റൊരാൾ അമ്മിയേടത്തിയായിരുന്നു. അതൊരു പൂർവബന്ധം തന്നെയായിരുന്നു. വിരസങ്ങളായ നിമിഷങ്ങളിൽ അപ്പുണ്ണിക്ക് താലോലിക്കാൻ വിലപ്പെട്ട മുത്തായിരുന്നു ആ സ്നേഹം. ഈ നോവലിൽ സ്നേഹത്തേയും സ്നേഹബന്ധങ്ങളേയും പറ്റിപ്പറയുമ്പോൾ എംടി വാചാലനാകുകയാണ്.

ആരുമില്ലാത്ത അനാഥാവസ്ഥയിൽ നാടുവിട്ട അപ്പുണ്ണി തിരിച്ചെത്തുന്നത് ജോലിയുള്ളവനും പണക്കാരനുമായിട്ടാണ്. ഇപ്പോൾ അപ്പുണ്ണിക്ക് എല്ലാവരുമുണ്ട് അപ്പുണ്ണി പകപോക്കുകയാണിപ്പോൾ. തന്നെ ദ്രോഹിച്ച വലിയമ്മാവന്റെ ഓഹരിസ്വത്തിൽ കച്ചവടത്തിന്റെ ഭാഷയിൽ വിലപറയുമ്പോൾ പാരമ്പര്യസ്വത്തിന്റെ പേരിൽ അടച്ചുപൂട്ടിയ ഒരു സമൂഹത്തോട് ആധുനിക കേരളത്തിന്റെ ഭാഷ സംസാരിക്കുകകൂടിയാണ് ചെയ്യുന്നത്. അമ്മയേയും

രാഘവൻനായരേയും കൂട്ടി നാലുകെട്ട് ഇടിച്ചുപൊളിച്ച് കാറ്റും വെളിച്ചവും കടക്കുന്ന മനോഹരമായ സൗധം പണിയണമെന്ന് അപ്പുണ്ണി കരുതുന്നു.

പകിടകളിക്കാരനും നല്ലവനും എപ്പോഴും തന്റെ അന്തസ്സുയർത്തിപ്പിടിക്കുന്നവനുമായ കോന്തുണ്ണിനായരും, അപ്പുണ്ണിയുടെ അമ്മ പാറുക്കുട്ടിയമ്മയും, കറുത്തതടിച്ച സെയ്താലിക്കുട്ടിയും, അപ്പുണ്ണിക്ക് കഥപറഞ്ഞ് കൊടുക്കാറുള്ള മുത്തശ്ശിയും, ശങ്കരൻനായരും, രാഘവൻനായരും, മുസ്ല്യാരുമെല്ലാം ഈ നോവലിലുടനീളം നിറഞ്ഞുനിൽക്കുന്നു. ഒറ്റയിരിപ്പിന് വായിച്ചുപോകാവുന്ന രസകരമായ നാട്ടിൻപുറങ്ങളിൽ നിത്യേന കാണുന്ന ജീവിതങ്ങളെ കോർത്തിണക്കി പറയുന്ന ഒരു കഥ എന്ന നിലയ്ക്ക് എനിക്ക് ഈ നാലുകെട്ട് എന്ന നോവൽ വളരെയേറെ ഇഷ്ടമായി.



നഫീസത്തുൽ മിസ് രിയ
9.A

# ലഹരി വരുത്തുന്ന വിപത്ത്

ലഹരി നമുക്ക് വരുത്തിതിർക്കുന്ന വിപത്തുകൾ എന്തൊക്കെയാണ് എന്ന് നിങ്ങൾക്കെല്ലാവർക്കും അറിയുന്നതാണ്. അറിഞ്ഞാൽ പോലും നമ്മൾ ആരും തന്നെ അതിനെ കുറിച്ച് ചിന്തിക്കുന്നില്ല ഓരോ തവണയും ലഹരി ഉപയോഗിക്കാൻ തുടങ്ങുമ്പോൾ ഒരോരുത്തർക്കുമറിയാം അത് ആരോഗ്യത്തിന് ഹാനികരമാണെന്ന്,എന്നിട്ടും അവർ ലഹരി ഉപയോഗിക്കുന്നു.എന്തുകൊണ്ടെന്നാൽ അവർ ലഹരിക്കടിമ പ്പെട്ടിരിക്കുന്നു.

ലഹരിയെ അമിതമായ ഉപയോഗം നമ്മുടെ ശരിരത്തിനെയോ,മനസ്സിനെയോ,മാത്രമല്ല നമ്മുടെ ജിവനു പോലും ഹാനികരമാണ്.നമ്മുടെ സമൂഹത്തിലെ വിദ്യാർത്ഥികളെയാണ് ലഹരി ഉപയോഗം കൂടുതലായി ബാധിക്കുന്നത് വില കുറഞ്ഞ സിഗരറ്റ് എന്നി പദാർത്ഥങ്ങളിലൂടെയാണ് ഇത്തരക്കാരുടെ ലഹരി ഉപയോഗത്തിന്റെ ആരംഭം. നമ്മളിൽ പലരും അൽപനേരത്തെ

ആശ്വാസത്തിന് വേണ്ടി ഉപയോഗിക്കുന്ന ലഹരിയിൽ ആൽക്കഹോളിന്റെ അംശം അടങ്ങിയിരിക്കുന്നു.

ഇത്തരത്തിലുള്ള ആൽക്കഹോൾ കരൾ സംബന്ധമായ അസുഖങ്ങളിലേക്ക് നമ്മെ ചെന്നെത്തിക്കുന്നു.ലഹരിയുടെ ദൂഷ്യഫലം അറിയാതെ, ലഹരി ഉപയോഗത്തിലേക്ക് വഴുതിവിഴുന്ന പുതിയ തലമുറക്കാരെ ലഹരി ഉപയോഗത്തിൽ നിന്ന് പിൽതിരിപ്പിച്ചാൽ മാത്രമേ നമ്മുടെ സമൂഹത്തെ നമ്മുക്ക് ലഹരിവിമുക്തമാക്കാൻ കഴിയൂ

ലഹരിയിലൂടെ മറ്റ് പല അസുഖങ്ങളും വന്ന് ചേരുന്നുണ്ട്.ഓർമ്മകുറവ്,വിഷമം,ശ്രദ്ധകുറവ്,പോഷകവസ്തുക്കളുടെ അഭാവം ഇങ്ങനെ തുടങ്ങി മരണത്തിലേക്ക് ചെന്നെത്തിക്കുന്നു.നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ ലഹരി വിമുക്തമാക്കാൻ ലഹരിയെ ഒഴിവാക്കണം.അതിലൂടെ നമ്മുടെ സമൂഹത്തിലെ വിലപ്പെട്ട ജിവനുകളും സുരക്ഷിതത്വമാക്കാം.

# സർഗ്ഗ വസന്തം

ദേവൻ മാഷ്



ഷഹനാ ഷെറിൻ.M.K
9.A



# തീവണ്ടി

റെയിൽവേ സ്റ്റേഷൻ ആണ് അവളുടെ എല്ലാം.അവൾ ജീവിതത്തിൽ ആകെ ഒരു സ്ഥലമേ കണ്ടിട്ടുള്ളൂ........ "റെയിൽവേ സ്റ്റേഷൻ".യാചിക്കാൻ വേണ്ടിയാണ് അവൾ സ്റ്റേഷനിൽ ഇരിക്കുന്നത്.സ്റ്റേഷനിലെ മേൽപ്പാലത്തിൽ.ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി.അവൾക്ക് അമ്മയും അച്ഛനും ഉണ്ട്.പക്ഷെ,അച്ഛൻ ആരാണെന്ന് അവൾക്ക് അറിയില്ല.അമ്മ അച്ഛൻ ആരാണെന്ന് പറഞ്ഞു കൊടുത്തിട്ടില്ല .

ഒരു പകൽ സമയം 10.A. M അവൾ യാചിക്കുവാൻ ഇരുന്നു.ഭക്ഷണം അവൾ കഴിച്ചിട്ടേയില്ല.അവൾ കരഞ്ഞു പറഞ്ഞു,"ചേച്ചീ...ഒരുരൂപയെങ്കിലും താ ചേച്ചീ".അവൾ ഉരുവിട്ടു ഒരുപാട് സമയത്തിന് ശേഷം 3 ചേച്ചിമാർ പാലത്തിലൂടെ പോയി..അവളെ കണ്ടില്ലെന്ന് നടിച്ചവർ മുന്നോട്ട് പോയി.അതിലൊരു ചേച്ചി തിരിഞ്ഞുനോക്കി.അവളുടെ അടുത്തേക്ക് വന്നു.എന്നിട്ട് ആ ചേച്ചി നേരെ ഹോട്ടലിലേക്ക് പോയി.അവിടെ നിന്നും ഒരു പൊതിച്ചോറുമായി വന്നു.അത് കുട്ടിക്ക് കൊടുത്തു.കുട്ടി അത് കഴിച്ചു.ദയനീയമായ ആ അമ്മയുടെ മുഖം കണ്ട് ആ ചേച്ചി അവർക്കും വാങ്ങിക്കൊടുത്തു.ആ ചേച്ചി വീട്ടിലേയ്ക്ക് പോയി.അന്ന് രാത്രി ആ കുട്ടിയുടെയും ആ ചേച്ചിയുടെയും മനസ്സിൽ ഒരേ ഒരു ചിന്ത- കുട്ടിയുടെ മനസ്സിൽ ചേച്ചിയും അവരുടെ മനസ്സിൽ വിശപ്പ് സഹിക്കാനാവാത്ത കുട്ടിയും,അന്ന് രാത്രി ആതണുപ്പിൽ അവൾ അമ്പിളി മാമനെയും നോക്കി കിടന്നു.ചിരിച്ച മുഖവുമായി.

പിറ്റേ ദിവസം ആ ചേച്ചി സ്റ്റേഷനിൽ വന്നു.പക്ഷെ അപ്പോൾ അവൾ കിടക്കുകയായിരുന്നു.ഉച്ചയായപ്പോൾ ആ ചേച്ചി വീണ്ടും വന്നു. അവൾക്കും അമ്മയ്ക്കും ഭക്ഷണം കൊടുത്തതിനു ശേഷം ചേച്ചി കുട്ടിയെ എടുത്ത് സ്റ്റേഷനിലെ ബെഞ്ചിൽ  ഇരുന്നു.എന്താ മോള്ടെ പേര്?അവൾ പറഞ്ഞു എനിക്കറിയില്ല.നിന്റെ പേര് നിനക്കറിയൂല്ലേ ?അതെന്താ?ചേച്ചി ചോദിച്ചു.അപ്പോൾ അവൾ പറഞ്ഞു."ഞാൻ സ്കൂളിൽ പോയിട്ടില്ല.എനിക്ക് എഴുതാനും വായിക്കാനും ഒന്നും അറിയില്ല.ചേച്ചിടെ പേരെന്താ? അവൾ ചോദിച്ചു.എയ്ഞ്ചൽ.ആ ചേച്ചി പറഞ്ഞു. ഞാൻ പോട്ടെ... നേരം വൈകി. നാളെ വരാം

പിറ്റേ ദിവസം ചേച്ചി ഒരു സന്തോഷവാർത്തയുമായാണ് വന്നത്. മേൽപാലം കയറി.പക്ഷെ!അവിടെ  അവളെ കണ്ടില്ല. എല്ലായിടത്തും നോക്കി.അതാ അവിടെ  എല്ലാവരും കൂടിയിരിക്കുന്നു.ചേച്ചി അവിടേക്ക് പോയി.തൊട്ടടുത്ത് അവളുടെ 'അമ്മ കരയുകയും ചെയ്യുന്നു.എയ്ഞ്ചൽ നോക്കുമ്പോൾ ചോരയിൽ കുളിച്ചു ഒരു കൈ നഷ്ട്ടപെട്ടു കിടക്കുന്ന അവളുടെ പ്രിയപ്പെട്ട മാലാഖ. പൊട്ടി കരഞ്ഞു.നിശബ്ദമായി ഇരുന്നു.അവളുടെ അമ്മയുടെ കയ്യും പിടിച്ച്,എയ്ഞ്ചൽ മുന്നോട്ട് നടന്നു,ഓട്ടോ വിളിച്ചു,അവളുടെ ഫ്ലാറ്റിലേക്ക് കൊണ്ടുപോയി.ആ അമ്മയുടെ അടുക്കൽ ഒരു സഞ്ചിയുണ്ടായിരുന്നു.

ആ അമ്മയ്ക്ക് ഉടുക്കാൻ നല്ല സാരി കൊടുത്തു.വിസമ്മതിച്ചെങ്കിലും ഉടുപ്പിച്ചു.ഭക്ഷണം കഴിപ്പിച്ചു.എയ്ഞ്ചൽ പറഞ്ഞു;നിങ്ങളുടെമോൾക്ക് ഞാൻ എന്ത് പേരാ ഉണ്ടാക്കിയതെന്ന് അറിയോ? മാളവിക,മാളൂന്ന് വിളിക്കാൻ കൊതിച്ചിട്ടാണ് തീവണ്ടി ഇറങ്ങിയത്. മാളൂന് സ്കൂളിൽ ഒരു അഡ്മിഷൻ  എടുക്കാൻ കൂടിയാണ് ഞാൻ ഓടി വന്നത് .

അമ്മ പറഞ്ഞു;അവൾ എപ്പോഴും പറയുമായിരുന്നു തീവണ്ടി കണ്ടാൽ ,ഈ തീവണ്ടി നമുക്ക് ഉണ്ടായിരുന്നെങ്കിൽ ഇവിടെയുള്ള എല്ലാ ഭിക്ഷക്കാർക്കും താമസിക്കുകയും  ലോകം മുഴുവൻ ചുറ്റി കറങ്ങുകയും ചെയ്യാമായിരുന്നില്ലേ? "അമ്മേ",ഇത് കേട്ട എയ്ഞ്ചൽ പഠനം  പൂർത്തിയാക്കി.IT കമ്പനിയിൽ  6 വർഷത്തോളം ജോലി ചെയ്ത തുക ചാരിറ്റബിൾ ട്രസ്റ്റിന് വേണ്ടി ചിലവാക്കി.വീണ്ടും ഏതാനും വർഷം ജോലിചെയ്ത ആ തുക കൊണ്ട് മാളവിക ഓർഫനേജ് ഉണ്ടാക്കി.അത് വെറും ഓർഫനേജ് അല്ല.റെയിലിലൂടെ ഓടുന്ന തീവണ്ടി, ഇന്നും ഒരുപാട് മനസ്സുകൾക്ക് താങ്ങും തണലായും നിൽക്കുന്ന ആ വലിയ തീവണ്ടി........................... വലിയ തീവണ്ടി.............................


ഒമർ ജാഫർ
3.A


# ഫാബ്രിക് പെയിന്റിംഗ്







MUHSINA.T.R,ASHIK







NIYAS


Untitled Project [HDV 720 24p] - OpenShot Video Editor
Video Preview
Project Files
Transitions
Effects
133 seconds


Untitled Project [HDV 720 24p] - OpenShot Video Editor
Update Available
Video Preview
Untitled Project.mp4
10 seconds


Untitled Project [HDV 720 24p] - OpenShot Video Editor
Video Preview
NIYAS & JASEEL
133 seconds

# എഡിറ്റോറിയൽ ബോർഡ്



# Little Kites 2019-20



THANK YOU................
LITTLE KITES

G.H.S KODUMUNDA WEST